# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 23 No. 6, 2012 June 15**


എഡിറ്റോറിയൽ

# എന്തുവിളിക്കണം?

**പു**റത്തുപറയാൻ ലജ്ജിക്കേ സംഭവങ്ങൾ ഉാകാറു്. അവയിൽ ചിലത് പരസ്യമാക്കേ ആവശ്യം നേരിടാറുമു്. അത്തരമൊരു സംഭവമാണ് ഈ മുഖപ്രസംഗത്തിലെ പ്രതിപാദ്യം.

മലങ്കരസഭയുടെ പുരാതന ദേവാലയങ്ങളിൽ ഒന്നാണ് വടകര സെന്റ് ജോൺസ് പള്ളി. കനാട് (ഈസ്റ്റ്) ഭദ്രാസനത്തിൽ പെടുന്ന ഈ പള്ളിയിടവകയിൽ ആയിരത്തിൽപരം കുടുംബങ്ങൾ ു്. ഇവിടത്തെ പ്രധാന പെരുന്നാൾ കുംഭം 8-ാം തീയതി ആണ്. കഴിഞ്ഞ പെരുന്നാൾ ദിനത്തിൽ ഒരു സംഭവം ഉായി. പള്ളിയിൽ വിശുദ്ധ കുർബ്ബാന നടന്നുകൊിരിക്കുമ്പോൾ പരിസരത്ത് ഒരു വലിയ ഫ്ളക്സ് ബോർഡ് പ്രത്യക്ഷമായി. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോ മസ് മാർ അത്താനാസ്യോസ് മറ്റൊരു തിരുമേനിയോടൊപ്പം ഭക്ഷണം കഴിക്കുന്നതിന്റെ ഒരു വലിയ ചിത്രം ബോർഡിലുായിരുന്നു. അവർക്കുമുമ്പിൽ ഓറഞ്ചും ആപ്പിളും ര് ടംബ്ലറുകളും ഒരു കുപ്പിയിൽ ഏതോ പാനീയവും മറ്റും കാണാം. ബോർഡിൽ വൻ അക്ഷരങ്ങളിൽ ഇപ്രകാരം എഴുതിയിരുന്നു. “കുറ്റിയാനി മെത്രാന്റെ കുടി കാേ? ഇവന്റെ തലവെട്ടാനാരുമില്ലേ?” ര് ബൈക്കുകളിൽ നാല് ചെറുപ്പക്കാർ ഇരച്ചെത്തിയാണ് ബോർഡ് സ്ഥാപിച്ചു മടങ്ങിയത്. പള്ളിയിലും പരിസരത്തുമുായിരുന്ന മിക്കപേരും അതിലെ ചിത്രം ശ്രദ്ധിക്കുകയും ലിഖിതം വായിക്കുകയും ചെ യ്തു. പലർക്കും സംഭവം മോശമായിത്തോന്നി. ചിലർ അക്കാര്യം പരസ്യമായി പ്രസ്താവിക്കുകയും ചെയ്തു. എതിർപ്പ് ശക്തമാകുമെന്ന് തോന്നിയതിനാലാകാം പള്ളി ഭരണസമിതിയിലെ ഒരംഗമെത്തി ബോർഡ് അഴിപ്പിച്ചു മടക്കി ഓഫീസിലേക്കു കൊുപോയി.

പ്രസ്തുത പള്ളിയിൽ നാല് വൈദീകർ ശുശ്രൂഷ ചെയ്തുവരുന്നു. അവരിൽ മൂന്ന് പേർ ഓർത്തഡോക്സ് വൈദീകരും ഒരാൾ വിമതപക്ഷക്കാരനുമാണ്. 5 വർഷം മുമ്പ് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ് ഇന്നും പള്ളിഭരണം കയ്യാളുന്നത്. ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് ആണെന്നും 1934 ലെ സഭാഭരണഘടന അംഗീകരിക്കുന്നു എന്നും സ്ഥാനാർത്ഥികൾ ഉൾപ്പെടെയുള്ള ഇടവകാംഗങ്ങൾ വ്യക്തിപരമായി സത്യവാങ്മൂലം എഴുതി സമർപ്പിച്ച ശേഷമാണ് വോട്ടിംഗിൽ പങ്കെടുത്തത്. എന്നാൽ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ പിന്നീട് നിലപാട് മാറ്റി വിമതപക്ഷം ചേർന്ന് ഇടവകയിൽ പ്രതിസന്ധികൾ സൃഷ്ടിച്ചുവരികയാണ്. ഓർത്തഡോക്സ് അച്ചന്മാരെ ആക്രമിച്ച സംഭവങ്ങളും ഇവിടെ നടന്നിട്ടു്. പള്ളി ഭരണസമിതിയുടെ അറിവോടും അനുമതിയോടും കൂടിയാണ് ബോർഡ് സ്ഥാപനം നടന്നതെന്ന് കുനിന്നവർക്കെല്ലാം വ്യക്തമായിരുന്നു.

ഒരു മെത്രാപ്പോലീത്തായുടെ തലവെട്ടാൻ ആഹ്വാനം ചെയ്യുന്ന ബോർഡ് പരസ്യമായി പ്രദർശിപ്പിക്കുന്ന സംഭവം കേരളത്തിലെന്നല്ല ലോകത്തുതന്നെ ആദ്യമായിരിക്കുമെന്ന് തോന്നുന്നു. അതിനു കാരണമായി പറയുന്നത് ‘കുടി’ ആണ്. ആ കുറ്റത്തിന് ശിരച്ഛേദം നടത്താൻ തുടങ്ങിയാൽ കഴുത്തിന്മേൽ തലയുള്ള അധികം പേർ ഈ ബോർഡ് പ്രദർശിപ്പിച്ചവരുടെ സഭയിൽ ശേഷിക്കുമെന്ന് തോന്നുന്നില്ല. ‘കുറ്റ്യാനി മെത്രാൻ’ എന്ന് ചേർത്തിരിക്കുന്നതിൽ നിന്ന് ബോർഡ് തയ്യാറാക്കിയവർക്ക് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുമായി അടുത്ത് പരിചയമില്ലാത്തവരാണെന്ന് വ്യക്തം. കൂടാതെ അദ്ദേഹം, മരുന്നായി പോലും മദ്യം ഉപയോഗിക്കാത്ത വ്യക്തിയാണ് എന്ന് അദ്ദേഹത്തെ അറിയുന്ന എതിരാളികൾ പോലും സമ്മതിക്കുന്ന സത്യമാണ്. മാത്രവുമല്ല കുടിയന്മാരുടെ തലവെട്ടാൻ പൊതുജനത്തിന് അനുവാദം നൽകുന്ന യാതൊരു നിയമവ്യവസ്ഥയും ലോകത്തൊരിടത്തുമില്ലതാനും.

പിന്നെ എന്താണ് ഇതുപോലൊരു പരസ്യാഹ്വാനത്തിന് പിമ്പിൽ? പച്ചയായി പറഞ്ഞാൽ നഗ്നമായ ഭീകരവാദമാണിത്. രുവട്ടം രാജ്യത്തെ പരമോന്നത നീതിപീഠത്തിൽ പരാജയം നേരിട്ടപ്പോൾ ഭരണകൂടത്തെയും രാഷ്ട്രീയ കക്ഷികളെയും മാധ്യമ പ്രവർത്തകരെയും വിരട്ടിയും, പ്രീണിപ്പിച്ചും, വിലപേശിയും, കാലുപിടിച്ചും വളർന്ന, ആത്മീയതയുടെ വേഷമണിഞ്ഞ തനി ഗുായിസത്തിന്റെ കാലിക രൂപമാണിത്. പട്ടാപ്പകൽ പട്ടണമദ്ധ്യത്തിൽ നടുറോഡിലിട്ട് വെട്ടിക്കൊലപ്പെടുത്തപ്പെട്ട

## EDITORIAL BOARD

President
**H. G. Dr. Thomas Mar Athanasius**
Metropolitan

Chief Editor
**Fr. Abraham Karammel**

Mg.Editor
**Mr. P. J. Varghese**

Associate Editor
**Fr. Kochuparambil Geevarghese Ramban**

Technical Adviser
**Mr. George Paul**

Members
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**എന്തുവിളിക്കണം** ................................ 1

**കാതോലിക്കേറ്റ്: ചില ശതാബ്ദി ചിന്തകൾ** ....... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 22** .... 7
ഡോ. തോമസ് മാർ അത്താനാസ്യോസ്

**മതം സൂചന: ആത്മീയത ലക്ഷ്യം** ................. 9
മാതാ അമൃതാനന്ദമയി

**മരണക്കിടക്കയും മഹത്തരം** .................... 11
ഫാ. സി.ഡി. തോമസ്, വടകോട്

**പൗലോസ് ശ്ലീഹാ ധന്യൻ** ........................ 13
വി. പി.

**രക്ഷ: സ്വയം കത്തെലാണ്** .................... 14
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഈശ്വരൻ സർവ്വാന്തർയാമി** ..................... 16
സ്വാമി വിവേകാനന്ദൻ

**സ്നേഹിക്കാം നമുക്ക് ഈ മണ്ണിനെ** ............. 17
കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

**വാർത്തകൾ – അറിയിപ്പുകൾ**............... 19 – 20


മലങ്കര വർഗീസിന്റെ വധത്തിൽ യഥാർത്ഥ കൊലയാളികൾ ആരാണ്? കൊലക്കേസിൽ ഒന്നാം പ്രതിയാക്കപ്പെട്ടിട്ടും അറസ്റ്റുപോലും നടക്കാതെ കുറ്റാരോപിതൻ സ്വതന്ത്രനായി നടക്കുന്നതിന്റെ കാരണമെന്താണ്? ഈ വധവുമായി ബന്ധപ്പെട്ട് സി.ബി.ഐ. ഒരു സഭാതലവനെ ചോദ്യം ചെയ്തതിന് സമാനമായി സഭാചരിത്രത്തിൽ മറ്റൊരു സംഭവം ഉായിട്ടുോ?

പിറവം ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ആ മേഖലയിൽ ഓർത്തഡോക്സ് പക്ഷത്തു നിൽക്കുന്നവയും ആ സഭയിലെ വൈദീകർ ശുശ്രൂഷ ചെയ്യുന്നവയുമായ പള്ളികളിൽ കരുതിക്കൂട്ടി കലഹങ്ങൾ സൃഷ്ടിച്ച് അവ പിടിച്ചെടുക്കുകയൊ പൂട്ടിക്കുകയൊ ചെയ്യുന്നതിനുള്ള കുത്സിത ശ്രമമാണ് യാക്കോബായക്കാർ നടത്തിയത്. ഓർത്തഡോക്സ് പള്ളികളിൽ ഭരണവും പങ്കാളിത്തവും ആവശ്യപ്പെടുന്ന അവർ തങ്ങളുടെ കൈവശമിരിക്കുന്ന പള്ളികളിൽ ഒന്നിൽ പോലും ഓർത്തഡോക്സ് പക്ഷത്തിന് അവ നൽകുവാൻ തയ്യാറല്ല. കണ്യാട്ടുനിരപ്പ്, വെട്ടിത്തറ, മാമലശ്ശേരി, മണ്ണത്തൂർ തുടങ്ങിയ ഇടവകകളിൽ മനഃപൂർവ്വം കലഹങ്ങൾ സൃഷ്ടിക്കുവാൻ അവർക്കു കഴിഞ്ഞു. ഇവയിൽ വെട്ടിത്തറ, മണ്ണത്തൂർ എന്നീ പള്ളികൾ പൂട്ടിക്കുന്നതിലും അവർ വിജയിച്ചു. കണ്യാട്ടുനിരപ്പ് പള്ളിയിൽ സി.ഐ.യെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് സഭാതലവൻ നുണപ്രസ്താവന നടത്തിയതിന്റെ യാഥാർത്ഥ്യം ദൃശ്യമാധ്യമങ്ങൾ സംപ്രേഷണം ചെയ്തപ്പോൾ ജനം അത് മന ിലാക്കിയല്ലോ. എങ്കിലും അദ്ദേഹം ഇന്നും ശ്രേഷ്ഠൻ!

"എന്താണീ കുറ്റ്യാനി മെത്രാന്റെ" കുറ്റകൃത്യം? സഭാകേസിൽ 1995 ൽ സുപ്രീംകോടതിയിൽ നിന്നുായ വിധി പാത്രിയർക്കീസും കാതോലിക്കോസും സ്വാഗതം ചെയ്തതിന്റെ വെളിച്ചത്തിൽ കോടതിവിധിയുടെ സത്തയും സന്ദേശവും ഉൾക്കൊ് സഭയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്ന ആഗ്രഹത്തോടെ ഭദ്രാസന കൗൺസിലിന്റെയും വൈദീക സംഘത്തിന്റെയും ഭക്തസംഘടനകളുടെയും പൂർണ്ണ സഹകരണത്തിലും പിന്തുണയിലും സഭൈക്യത്തിന് അനുകൂലമായ നിലപാടെടുക്കുകയും ഇന്നുവരെ അതിലുറച്ചുനിൽക്കുകയും ചെയ്യുന്നു എന്നത് മാത്രമാണ് അത്താനാസ്യോസ് മെത്രാപ്പോലീത്ത ചെയ്ത 'തെറ്റ്!' തലവെട്ടേ മഹാകുറ്റമല്ലേ ഇത്? വിഘടിച്ചു നിൽക്കുന്നവർക്കുകൂടി ഈ നിലപാടെടുക്കാൻ സാധിച്ചിരുന്നെങ്കിൽ മലങ്കരസഭയുടെ സ്ഥിതി ഇന്ന് എത്ര ശോഭനമായിരിക്കുമായിരുന്നു എന്ന് ചിന്തിക്കുക. അംശവസ്ത്രങ്ങളും ധൂപക്കുറ്റിയുമെല്ലാം ഒളിച്ചുകടത്തി പത്ത് നിമിഷങ്ങൾക്കകം ബലിയർപ്പണം പൂർത്തീകരിച്ചു എന്ന് ഒരു സഭാതലവന് പ്രസ്താവിക്കേതായി വരികയില്ലായിരുന്നു. പൊതുജനത്തിന് സ്വൈര്യജീവിതം അസാധ്യമാകത്തക്ക സ്ഥിതിയിലേക്ക് സഭാതർക്കം എത്തിച്ചേരുകയുമില്ലായിരുന്നു.

ആദിമസഭയിൽ പീഡനങ്ങൾ ഉായതും സഭ അവയെ അഭിമുഖീകരിച്ചതും വേദപുസ്തകത്തിലും സഭാചരിത്ര ത്തിലും നാം വായിക്കുന്നു്. ഈ പീഡനങ്ങളെ സഭ ഒരിക്കലും അക്രമമാർഗ്ഗത്തിൽ നേരിട്ടതായി നാം കാണുന്നില്ല. ക്രിസ്തു പിടിക്കപ്പെട്ട അവസരത്തിൽ വാളെടുത്ത് പൊരുതാൻ മുതിർന്ന പത്രോസ് ശ്ലീഹായ്ക്ക് എന്ത് താക്കീ

*(ശേഷം 10-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# കാതോലിക്കേറ്റ്: ചില ശതാബ്ദി ചിന്തകൾ

മലങ്കര സഭയിൽ കാതോലിക്കേറ്റ് നിലവിൽ വന്നിട്ട് 2012 ൽ നൂറു വർഷം തികയുകയാണ്. സഭയുടെ ദീർഘമായ ചരിത്രത്തിൽ നിർണ്ണായകമായ ഒരു നാഴികക്കല്ലാണ് ഇവിടെ നടന്ന കാതോലിക്കേറ്റ് സ്ഥാപനം. ഭരണ-വൈദീക ശുശ്രൂഷാ മേഖലകളിൽ മറ്റ് ഏതെങ്കിലും ഒരു സഭാമേലദ്ധ്യക്ഷന്റെ സഹായവും നിയന്ത്രണവും കൂടാതെ സ്വതന്ത്രമായി നിലനിൽക്കുവാനുള്ള സാധ്യതയാണ് മലങ്കരസഭയ്ക്ക് ഇതുവഴി സിദ്ധിച്ചത്. അതുവരെ തുടർച്ചയായി ഏതെങ്കിലും വിദേശ സഭാമേലധികാരിയുടെ കീഴിൽ, അദ്ദേഹം അദ്ധ്യക്ഷനായ സഭയുടെ വിശ്വാസവും ആരാധനാക്രമവും സ്വീകരിച്ച് കഴിയുന്ന പതിവായിരുന്നു ഈ സഭയ്ക്ക് ഉായിരുന്നത്. 15-ാം നൂറ്റാുവരെ ബാബിലോൺ കാതോലിക്കായുടെ വൈദീകമേലന്വേഷണത്തിലായിരുന്നു മലങ്കരയിലെ ക്രിസ്തീയ വിശ്വാസീസമൂഹം എന്നത് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. പോർച്ചുഗീസ് ആധിപത്യ കാലത്ത് അത് കത്തോലിക്കാ സഭയുടെ ഭാഗമായി മാർപ്പാപ്പയുടെ അധികാരത്തിൻ കീഴിൽ ആയിത്തീർന്നു. പോർച്ചുഗീസ് ഭരണം ക്ഷയിച്ചതോടെ പാ ശ്ചാത്യ സുറിയാനി സഭയുടെ പാത്രിയർക്കീസ് മലങ്കര സഭയുടെ മേലധികാരിയായി. അതായത് വൈദീക അധികാരം നിർവ്വഹിക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യമുള്ള സഭാമേലദ്ധ്യക്ഷനും സ്വയം പര്യാപ്തമായ ഭരണസംവിധാനവും 1912 ലെ കാതോലിക്കേറ്റ് സ്ഥാപനത്തിനു മുമ്പ് ഈ സഭയ്ക്ക് ഇല്ലായിരുന്നു. പാരതന്ത്ര്യത്തിൽ കഴിഞ്ഞിരുന്ന മലങ്കരസഭയ്ക്ക് ആ സാഹചര്യത്തിൽ സ്വതന്ത്രമായ വേദശാസ്ത്രം, ആരാധന-കൗദാശിക ക്രമങ്ങൾ, കാനോൻ മുതലായവ വികസിപ്പിച്ചെടുക്കുവാൻ കഴിയാതെ പോയി.

ഈ ദുഃസ്ഥിതിയിൽ സ്വതന്ത്രമായ നിലനിൽപിനും സ്വയം നിർണ്ണയാവകാശത്തിനും അവസരസാധ്യത നൽകി എന്നതാണ് കാതോലിക്കേറ്റിന്റെ പ്രധാന പ്രസക്തി. ഓരോ കാലത്തും ഏതെങ്കിലും ഒരു സഭയു ടെ ഭാഗമായി അതാതിന്റെ ഭരണ-ആരാധനാ ക്രമങ്ങൾ അംഗീകരിച്ച് കഴിഞ്ഞിരുന്ന ഒരു സഭയ്ക്ക് സ്വ തന്ത്ര നിലനിൽപ്പും സ്വത്വബോധ വും കൈവരുവാൻ കാതോലിക്കേറ്റിന്റെ സ്ഥാപനം ഇടയാക്കി. സ്വന്തം നിലയിൽ സഭയുടെ സാക്ഷ്യവും സഭയെന്ന നിലയിൽ അതിന്റെ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുവാനും നിർവ്വിഘ്നം അവ നിർവ്വഹിക്കുവാ നും മലങ്കരസഭയ്ക്ക് ഇത് സാഹചര്യമേകി. ശതാബ്ദി ആഘോഷത്തിന് ന്യായീകരണവും പ്രസക്തിയും സൃഷ്ടിക്കുന്ന വസ്തുതയാണിത്.

സഭയുടെ ചരിത്രത്തിൽ വളരെ മൗലീകമായ വ്യതിയാനം സൃഷ്ടിച്ച ഒരു ചരിത്രസംഭവം എന്ന നിലയിൽ അതിന്റെ സാംഗത്യം ഒട്ടും ചെറുതല്ല. അതുവഴി ലഭിച്ച സഭാസ്വാതന്ത്ര്യം പ്രദാനം ചെയ്യുന്ന സാധ്യതകളും ബാധ്യതകളും ഏറ്റെടുത്ത് സഭയെന്ന നിലയിൽ അതിന്റെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ സഭയ്ക്ക് പശ്ചാത്തലമൊരുക്കി. അതുകൊ് സഭയുടെ ദൗത്യ-സാക്ഷ്യ-ജീവിത രംഗങ്ങളിൽ നിയോഗപരമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് മാറ്റവിധേയമായ ഒരു സാമൂഹ്യ-സാമ്പത്തീക-സാംസ്ക്കാരിക സാഹചര്യത്തിൽ അർത്ഥവത്തായ ജീവിതത്തിന് സഭയെ സജ്ജമാക്കേതിന് ദാർശിനികവും പ്രായോഗികവുമായ ചർച്ചകൾക്ക് ഈ അവസരത്തിൽ പ്രാധാന്യമു്.

എന്നാൽ കാതോലിക്കേറ്റിന്റെ സ്ഥാപന ശതാബ്ദി സംബന്ധിച്ച് ചർച്ചകളും ക്രമീകരണങ്ങളും മറ്റ് പല ദിശകളിലുമാണ് നീങ്ങുന്നതെന്ന തോന്നൽ ജനിക്കുന്നു. നിലവിലുള്ള കാതോലിക്കേറ്റ് 1912 ൽ പുതുതായി സ്ഥാപിക്കപ്പെടുകയായിരുന്നോ? നിലച്ചുപോയ മാഫ്രിയാനേറ്റിന്റെ പുനഃസ്ഥാപനമായിരുന്നോ? രാമത്തേതെങ്കിൽ അതെങ്ങനെ സ്വതന്ത്ര സ്ഥാപനമാകും? എന്നിങ്ങനെ പോകുന്നു ചർച്ചകൾ. തീർച്ചയായും അക്കാദമിക വിഷയങ്ങൾ എന്ന നിലയിൽ ഈ അന്വേഷണങ്ങൾ തുടരാവുന്നതാ ണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഇവയ്ക്ക് ഉപോൽബലക മായ സൂചനകൾ ഒന്നും തന്നെയില്ല. 1912 ൽ ഉായത് കാതോലിക്കേറ്റി ന്റെ സ്ഥാപനമോ പുനഃസ്ഥാപനമോ എന്നതും, അത് സ്വതന്ത്രമോ, അർദ്ധസ്വതന്ത്രമോ, സ്വയംശീർഷകത്വമുള്ളതോ, എന്നതുമെല്ലാം പ്രായോഗിക തലത്തിൽ സാംഗത്യം നഷ്ടപ്പെട്ട വിഷയങ്ങളാണ്. 1934 ലെ ഭരണഘടന സഭയ്ക്ക് ബാധകമാക്കിയും, അ തിൻ പ്രകാരം സഭയുടെ ഭരണക്രമീകരണങ്ങൾ നടക്കണമെന്നുമുള്ള തീർപ്പ് നൽകിക്കൊും 1995-ൽ ബഹു. സുപ്രീംകോടതിയിൽ നിന്നു വിധിയുായി. പ്രസ്തുത ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയിൽ ചില പദവികൾ അനുവദിക്കുന്നു്. എന്നാൽ പാത്രിയർക്കീസ് കോടതിവിധി അനാദരിച്ച് ബദൽ കാതോലിക്കായെ സൃഷ്ടിച്ചതോടെ ആ പദവികൾ സ്വയം നഷ്ടപ്പെടുത്തി. അതുകൊ് പൂർണ്ണ അർത്ഥത്തിൽ ഇന്നത്തെ മലങ്കരസഭ സ്വയം ശീർഷകത്വമുള്ള സ്വതന്ത്ര സഭയായി തീർന്നി

രിക്കുന്നു എന്നതാണ് വാസ്തവം. അതോടെ സ്വാഭാവികമായും പാത്രിയർക്കീസിന്റെ കീഴിൽ ഉായിരുന്ന മാഫ്രിയാനേറ്റിന്റെയും 1912–ൽ പരീക്ഷണാടിസ്ഥാ നത്തിൽ സ്ഥാപിച്ച കാതോലിക്കേറ്റിന്റെയും അവസ്ഥയിൽ നിന്ന് പരിവർത്തനപ്പെട്ട് ഇന്ന് അത് പൂർണ്ണ സ്വതന്ത്രസ്ഥാപനമായി. 1934–ലെ സഭാഭരണഘടന മലങ്കരസഭയുടെ ഭരണക്രമത്തിന്റെ ഏക ആധികാരി ക അടിസ്ഥാനരേഖയായി കോടതി അംഗീകരിക്കുകയും അത് നിരാകരിച്ച് പാത്രിയർക്കീസ് മലങ്കരയിൽ തന്റെ സ്ഥാനം നഷ്ടപ്പെടുത്തുകയും ചെയ്തതോടെ പൂർണ്ണ സ്വതന്ത്ര വ്യക്തിത്വം മലങ്കരസഭ ആർജ്ജിച്ചു കഴിഞ്ഞു. അതുകൊ് മേൽപ്പറഞ്ഞ തരത്തിലുള്ള ചർച്ചകൾ സഭയുടെ തുടർ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും കാര്യമായ സംഭാവനകൾ നൽകുന്ന അന്വേഷണങ്ങൾ അല്ല.

ഏകം, കാതോലികം, ശ്ലൈഹികം, വിശുദ്ധം എന്നീ വിശേഷണങ്ങൾ സഭയുടെ അടിസ്ഥാന ലക്ഷണങ്ങളായി വിശ്വാസ പ്രമാണത്തിൽ കാണുന്നു. എന്നാൽ സഭയുടെ സ്വാതന്ത്ര്യം എന്നത് മേൽപ്പറഞ്ഞവ പോലെ സഭയുടെ വിശ്വാസമായ ഒരു സ്വഭാവം അല്ല എന്ന് കരുതുന്നവരു്. അതായത്, സ്വാതന്ത്ര്യം എന്നത് സഭയെ സംബന്ധിച്ച് ഐച്ഛിക (optional) മാണ് മൗലീക (mandatory) മല്ല എന്ന്. 'സ്വാതന്ത്ര്യം' എന്ന വിശേഷണം വിശ്വാസ പ്രമാണത്തിൽ എടുത്തു പറയുന്നില്ല എന്നതിന്റെ പേരിൽ ഉായതാണ് ഈ കാഴ്ചപ്പാട്. സഭാവിജ്ഞാനീയം സംബന്ധിച്ച അജ്ഞതയാണ് ഈ ചിന്തയ്ക്ക് കാരണം. സഭ സ്വാഭാവികമായി പ്രാദേശികം ആണ്. ആരാധനയ്ക്കായി സമ്മേളിക്കുന്ന സമൂഹമാണ് സഭ. ഇത് വേദശാസ്ത്രപര മായ ഒരു അടിസ്ഥാന നിലപാടാണ്. സഭയെന്ന നിലയിൽ ആരാധാനാ സമൂഹത്തിന് പൂർണ്ണതയുള്ളതുകൊ് അത് മറ്റൊരു സഭയുടെ ഭാഗമല്ല. അത് തികഞ്ഞ സഭയാണ്. ഓരോ പ്രാദേശിക സഭയും സ്വതന്ത്രമെങ്കിൽ അതിന് സ്വതന്ത്രമായി പ്ര വർത്തിക്കുന്നതിനുള്ള ക്രമീകരണ സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നത് ഒരു അനിവാര്യതയാണ്. സഭയും സഭാശുശ്രൂഷയും വിഭജനാതീതമായ വേദശാസ്ത്രസങ്കല്പമാണ്. അതുകൊ് ഒരു അന്യ സഭാദ്ധ്യക്ഷന്റെ തീരുമാനങ്ങൾക്കും ഇടപെടലുകൾ ക്കും വിധേയമായി സഭാശുശ്രൂഷ കൾ ചിട്ടപ്പെടുത്തുക എന്നത് സഭാവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ യുക്തിവിരുദ്ധമായ ചിന്ത യാണ്. സഭാശുശ്രൂഷയുടെ നിർവ്വഹണം ഓരോ പ്രാദേശിക സഭയുടെ യും ബാധ്യതയായതുകൊ് അതിനുള്ള പൂർണ്ണക്രമീകരണ സ്വാത ന്ത്ര്യം ഓരോ സഭയ്ക്കും ഉാകാ തെ പറ്റില്ല. സഭാസ്വാതന്ത്ര്യം അതു കൊ് അതിന്റെ അടിസ്ഥാന സ്വഭാവമാണ്. സഭയുടെ കൗദാശികവും, നിയോഗപരവുമായ ബാധ്യതകൾ നിർവ്വഹിക്കുവാനുള്ള ഉപാധിയുമാണത്. അതിനായി ഓരോ പ്രാദേശിക സഭയിലും സ്വതന്ത്ര വൈദീക അധികാര കേന്ദ്രങ്ങൾ ഉായേതീരൂ. എന്നാൽ സഭയുടെ ഈ സ്വാതന്ത്ര്യം അതിന്റെ സാർവ്വത്രിക വീക്ഷണം നിഷേധിക്കുന്നില്ല. സഭകൾ വിശ്വാസത്തിന്റെ ഐക്യത്തിലും, സാഹോദര്യത്തിലും കഴിയുവാനുള്ള പശ്ചാത്ത ലം ഒരുക്കുന്നത് വ്യക്തിഗത സഭയു ടെ സ്വാതന്ത്ര്യമാണ്. അതുകൊ് സഭയുടെ സ്വത്വബോധവും, ശുശ്രൂഷാക്രമീകരണ സ്വാതന്ത്ര്യവും വി ശ്വാസ സമൂഹത്തിന്റെ അനിവാര്യതയും, സാർവ്വത്രികതയെ അർത്ഥവത്താക്കുന്ന അനുപേക്ഷണീയ ഘടകവുമായി മന ിലാക്കണം. ആ സാ ഹചര്യത്തിൽ ഒരു വിശ്വാസസമൂഹം എന്ന നിലയിൽ സഭയുടെ സാക്ഷ്യ–കൗദാശിക ജീവിതരംഗങ്ങളിൽ സ്വയം തീരുമാന–നിർവ്വഹണാവകാ ശം നേടിയതിന്റെ ആഘോഷമായി കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദി പരിണമിക്കണം. സാർത്ഥകമായ ക്രിസ്തീയ സാക്ഷ്യത്തിനും ജീവിതത്തിനുമുള്ള ഉത്തരവാദിത്തം മന ിലാക്കി സഭ അതിന്റെ ശുശ്രൂ ഷാ സ്വാതന്ത്ര്യം ഏറ്റെടുക്കുന്നത് സഭയുടെ മൗലിക സ്വഭാവമാണ് എന്ന തിരിച്ചറിവാണ് കാതോലിക്കേറ്റിനും അതിന്റെ ശതാബ്ദിക്കും സാംഗത്യം നൽകുന്ന ഘടകം.

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടത് സഭയിൽ നടന്ന ചർച്ചയിലൂടെയും ആശയ സമന്വയത്തിലൂടെയും ഉരുത്തിരിഞ്ഞ ഒരു പൊതു ധാരണയുടെ സാക്ഷാത്കാരമായിട്ടായിരുന്നു എന്ന് പറയാനാവില്ല. അത് നടന്നത് സാന്ദർഭികവും, തന്ത്രപരവും, പരീക്ഷണാർത്ഥവുമായ ഒരു നീക്കത്തിലൂടെ ആയിരുന്നു. ഇവിടെ ഒരു കാതോലിക്കേറ്റ് ഉാകേതു് എന്ന സഭാനേതൃത്വത്തിന്റെ തിരിച്ചറിവിന്റെ പശ്ചാത്തലം അന്നുായിരുന്നില്ല. സഭാചരിത്രത്തിൽ നേതൃത്വത്തിന്റെ നിലനിൽപ് അപകടത്തിലായ ഒരു സന്ദർഭത്തിൽ അതിജീവനത്തിന് പയറ്റിയ ഒരു തന്ത്രത്തിന്റെ ഭാഗമായിരുന്നു കാതോലിക്കേറ്റ് സ്ഥാപനം. പരീക്ഷണാവസ്ഥയിൽ നിന്ന് പ്രതിസന്ധിയിലേക്ക് നീങ്ങി, നിന്നും നിലച്ചും മുമ്പോട്ടുപോയ കാതോലിക്കേറ്റ് പിൽക്കാലത്ത് നിയമസാധുതയും അംഗീകാരവും നേടി എന്നത് ചരിത്രം. എന്നാൽ സ്ഥാപിക്കപ്പെടാൻ പോകുന്ന കാതോലിക്കേറ്റിനെ സംബന്ധിച്ച് വിശദമായ പഠനവും ആശയ വ്യക്തതയുമൊന്നും ഉാക്കുന്നതിനുള്ള സാഹചര്യം സ്ഥാപനകാലത്ത് ഉായിരുന്നില്ല. എന്നിരുന്നാലും അതിന്റെ സ്ഥാപനത്തെ എതിർത്തവർക്കും ആ പേരിൽ മറ്റൊന്ന് ഉാക്കേി വന്നു എന്നതാണ് തൽസംബന്ധമായ വൈരുദ്ധ്യം. അതായത് അങ്ങനെയൊന്നില്ലാതെ സഭാസംവിധാനം പൂർണ്ണമാവില്ല എന്ന നില അവർക്കും വന്നുചേർന്നു. സഭയിൽ ഭിന്നതയില്ലാതിരുന്ന ഏതെങ്കിലും കാലത്ത് സഭയുടെ നല്ല ഭാവി മുന്നിൽ ക്, സ്ഥാപനത്തിന്റെ സാധ്യതകൾ മന ിലാക്കിയും പൊതുധാര

ണയിലും കാതോലിക്കേറ്റ് സ്ഥാപിച്ചിരുന്നെങ്കിൽ കഴിഞ്ഞ നൂറ്റിൽ നടന്ന പിളർപ്പുകളൊന്നും സഭയിൽ സംഭവിക്കുമായിരുന്നില്ല. നിവൃത്തികേടും മുട്ടാവശ്യവും ഉാകുമ്പോൾ പോംവഴിതേടുന്ന, ദീർഘവീക്ഷണമില്ലാത്ത ഒരു സമൂഹത്തിന്റെ ദുർവിധിയാണിവിടെ കത്. സഭയുടെ നന്മയും, ഭാവിയും, ഐക്യവും കണക്കിലെടുത്ത് അനുയോജ്യമായ അവസരങ്ങളിൽ നടപടികൾ എടുക്കുക എന്നത് ഈ സഭയിൽ പതിവില്ല. വഴിമുട്ടുമ്പോൾ മാത്രം നീക്കുപോക്കു തേടുന്ന പ്രതിസന്ധി കൈകാര്യ (crisis management) രീതിയാണ് പലപ്പോഴും. സമാധാനകാലത്ത് കാതോലിക്കേറ്റ് സ്ഥാപനത്തിനുള്ള വിവേകവും ദീർഘദൃഷ്ടിയും സഭയ്ക്കുായിരുന്നെങ്കിൽ ആ സംഭവത്തെ തുടർന്നുായ വിപരീതസാക്ഷ്യ വും ശണ്ഠകളുമെല്ലാം ഒഴിവാക്കാമായിരുന്നു.

മലങ്കരസഭയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചതിന് മുഴുവൻ ഉത്തരവാദിത്തവും വിദേശ സഭാമേലദ്ധ്യക്ഷന്മാർക്കാണ് എന്ന ചിന്ത എനിക്കില്ല. ഇവിടെ പല വിദേശ സഭാമേലദ്ധ്യക്ഷന്മാരും സഭാഭരണം നടത്തിയിട്ടു് എന്നത് വാസ്തവമാണ്. അവരുടെ ആധിപത്യം ഇവിടെ നിലനിർത്തുന്നതിനും അവരൊക്കെ ശ്രമിച്ചിട്ടുമു്. അതിനുവേി പല ത്യാഗങ്ങളും അവരുടെ പക്ഷത്തു നിന്ന് ഉായിട്ടു് എന്നതും സത്യമാണ്. യാത്രാസൗകര്യങ്ങൾ പരിമിതവും, അപകടസാധ്യതകൾ ഏറെയും ആയിരുന്ന പഴയകാലത്ത് വിദൂരതയിൽ നിന്ന് വൈദീക-ആത്മീയ നേതൃത്വം നൽ കുന്നതിനുവേി സഭാപിതാക്ക ന്മാർ ഇവിടെ എത്തിയിരുന്നത് അ നേകം ക്ലേശങ്ങളും അപകടങ്ങളും അഭിമുഖീകരിച്ചാണ്. എന്നാൽ ഈ കഷ്ടപ്പാടുകൾ ഒഴിവാക്കുന്നതിനു വേി സ്ഥിരവും സ്വതന്ത്രവുമായ ഒരു സംവിധാനം ഈ സഭയിൽ സൃ ഷ്ടിക്കുന്നതിന് അവർ തുനിഞ്ഞില്ല. ഈ സഭയെ അവരുടെ കീഴിൽ എന്നും നിലനിർത്താനാണ് അവർ ശ്രദ്ധിച്ചത്. അത്തരത്തിൽ ചിന്തിക്കുമ്പോൾ അവരുടെ ത്യാഗത്തിന്റെ വില ഏറെ ഇടിയുന്നതായി കാണാം. എന്നാൽ ഇത് ആധിപത്യ സംവിധാനങ്ങളുടെ ഒരു പൊതുസ്വഭാവവും പ്രവണതയുമാണ്. മലങ്കരസഭയ്ക്ക് കീഴിൽ ഒരു കോളനിസഭ ഉായിരുന്നെങ്കിൽ നാമും ഇതേ സമീപനം തന്നെ സ്വീകരിക്കുമായിരുന്നു. ഓർത്തഡോക്സ് സഭയിൽ ദേശീയ-വ്യക്തിഗത സഭകൾ ഉായത് ആധിപത്യകേന്ദ്രങ്ങളുടെ ഔദാര്യവും മഹാമനസ്കതയും കൊായിരുന്നില്ല. ക്രിസ്തീയ കാര്യവിചാരകബോധവും ഈ കേന്ദ്രങ്ങൾ ഒരിക്കലും പ്രകടിപ്പിച്ചിട്ടില്ല. കൽദായ സുറിയാനി-റോമ-അന്ത്യോഖ്യാ സഭാമേലദ്ധ്യക്ഷന്മാർ മലങ്കരസഭ അവരുടെ അധീനതയിൽ നിന്ന് സ്വതന്ത്രമാകുവാൻ ആഗ്രഹിച്ചതായി സൂചനകൾ ഒന്നുമില്ല. അതിന് കാരണം ആധിപത്യകേന്ദ്രങ്ങളുടെ പൊതു സ്വഭാവം അവരും പുലർത്തിയിരുന്നു എന്നതു മാത്രമാണ്.

ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള വ്യക്തിഗത-ദേശീയ സഭകൾ രൂപം കൊത് നിലവിലുള്ള സഭാകേന്ദ്രങ്ങളോട് ചെറുത്തുനിന്നും ആധിപത്യശ്രമങ്ങൾ പ്രതിരോധിച്ചുമാണ്. എത്യോപ്യൻ-എറിത്രിയൻ സഭകൾ സ്വതന്ത്രമായത് അവയുടെ ഭരണാധികാരികളുടെയും വിശ്വാസികളുടെയും നേതൃത്വത്തിന്റെയും കൂട്ടായ ശ്രമം കൊാണ്. പൂർവ്വ യൂറോപ്യൻ ഓർത്തഡോക്സ് സഭകൾ സ്വാതന്ത്ര്യം നേടിയത് ദീർഘകാലത്തെ പ്രതിരോധം കൊാണ്. അന്ത്യോഖ്യാ, ബാബിലോൺ, റോം എന്നിവിടങ്ങളിൽ നിന്നെല്ലാം ബഹുദൂരെ സ്ഥിതി ചെയ്യുന്ന മലങ്കരയിൽ ആ കേന്ദ്രങ്ങൾക്കൊന്നും ഇവിടെ ശക്തമായ ഇടപെടൽ സാധ്യമായിരുന്നില്ല. അതുകൊ് ഇവിടത്തെ സഭയ്ക്ക് കടുത്ത സംഘട്ടനം കൂടാതെ സ്വതന്ത്രമാകുന്നതിന് എല്ലാ അവസരങ്ങളുമുായിരുന്നു. എന്നാൽ നാമത് യഥാവസരം ഉപയോഗപ്പെടുത്തിയില്ല എന്നതാണ് വസ്തുത.

ഒരു അപ്പോസ്തോലിക സഭ എന്ന നിലയിൽ സ്വാതന്ത്ര്യവും സാക്ഷ്യവും നിർവ്വഹിക്കുന്നതിനുള്ള ജാഗ്രത മലങ്കരസഭ പുലർത്തിയിരുന്നതായി തോന്നുന്നില്ല. കല്ദായ പാത്രിയർക്കീസിന്റെ കീഴിൽ ഒരു സഹസ്രാബ്ദമെങ്കിലും കഴിഞ്ഞുകൂടിയിട്ടും സ്വതന്ത്ര നിലനിൽപിനെക്കുറിച്ച് സഭയ്ക്കന്ന് ചിന്തിക്കാനായില്ല. പോർട്ടുഗീസുകാർ വന്നപ്പോൾ അ ന്നുവരെയുള്ള കല്ദായ ബന്ധവും വിശ്വാസവും ആരാധനാക്രമങ്ങളുമെല്ലാം ഉപേക്ഷിച്ച് അക്കൂട്ടത്തിൽ ചേരുന്നതിന് അന്നുായിരുന്നവർ ക്ക് യാതൊരു വൈമനസ്യവും ഉായതായി അറിവില്ല. ഉദയംപേരൂർ സുന്നഹദോസ് നടപടികളെ എതിർ ക്കാൻ സഭാംഗങ്ങൾ മെനക്കെട്ടില്ല. ചിലയിടങ്ങളിൽ നായന്മാരാണ് ഇവിടത്തെ ക്രിസ്ത്യാനികളുടെ പോർട്ടുഗീസുവൽക്കരണത്തെ ചെറുത്തത് എന്നാണ് ചരിത്രം. പോർട്ടുഗീസുകാരുടെ കൂടെച്ചേർന്ന് അവരുടെ സഭാവിശ്വാസം സ്വീകരിച്ച് സാമ്രാജ്യ ശക്തികളിൽ നിന്ന് വാണിജ്യ-സാമ്പത്തികലാഭം ഉാക്കാനാണ് ഇവിടത്തെ ക്രിസ്ത്യാനികൾ ശ്രമിച്ചത്. പോർട്ടുഗീസുകാരുടെ ശക്തിക്ഷയത്തോടെ അന്ത്യോഖ്യൻ മേൽക്കോയ്മ സ്വീകരിച്ച് പോർട്ടുഗീസുകാരെ തഴഞ്ഞു. ഒരു വിശ്വാസസമൂഹം സാധാരണഗതിയിൽ പ്രകടമാക്കേ വിശ്വാസത്തോടുള്ള വിശ്വസ്തതയോ സ്വത്വബോധമോ സാംസ്കാരിക തനിമയോ ഒന്നും ഇവിടത്തെ സഭയ്ക്ക് ഉായിരുന്നില്ല. പല പ്രാവശ്യം സഭയും വിശ്വാസവും മാറി. ഓരോ കാലത്ത് ഓരോ സഭാകേന്ദ്രത്തോട് തത്വദീക്ഷയില്ലാതെ ചങ്ങാത്തം പുലർത്തിപ്പോന്ന ഈ സഭാസമൂഹം ഒരു വണിക് സമൂഹത്തിന്റെ സംസ്ക്കാരവും മെയ്‌വഴക്കവുമാണ് പലപ്പോഴും കഴിഞ്ഞകാല ചരിത്രത്തിൽ പ്രകടിപ്പിച്ചു വന്നത്. താല്ക്കാലിക ലാഭത്തിനപ്പുറമുള്ള ദീർഘദൃഷ്ടിയൊന്നും സഭ പ്രകടി

പ്പിച്ചതായി കാ ണുന്നില്ല. ആ ന ിലയ്ക്ക് നമ്മുടെ അടിമത്തത്തിന് വിദേശ സഭാകേന്ദ്രങ്ങൾ മാത്രം കാരണക്കാരായിരുന്നു എന്ന വില യിരുത്തലിൽ വലിയ കഴമ്പുണ്ടെന്ന് തോന്നുന്നില്ല.

ചുരുങ്ങിയത് നാട്ടുമെത്രാന്മാർ അധികാരം നടത്തിത്തുടങ്ങിയ കാലം മുതലെങ്കിലും ഒരുസ്വതന്ത്ര വൈദീക നേതൃത്വ സാധ്യത യ്ക്കുള്ള അവസരം ഉപയോഗപ്പെടു ത്തിയില്ല എന്ന് പറയേിയിരിക്കുന്നു. ഒരു സ്വതന്ത്ര എപ്പിസ്കോപ്പൽ പ ിന്തുടർച്ചാ സംവിധാനം ഇവി ടെ നിലനിർത്തുന്നതിന് സ്വയം തീരുമാനം എടുത്താൽ മാത്രം മതിയായിരുന്നു. എന്നാൽ വീും വിദേശത്തുനിന്ന് സഭാമേലദ്ധ്യ ക്ഷന്മാരെ ഇവിടെ വരുത്തി സ്ഥാ നമേൽക്കുക പതിവാക്കുകയാണ് ഉായത്. സ്വതന്ത്ര നിലനിൽപ് ഈ സഭയ്ക്ക് സ്വയം ഉറപ്പിക്കാവുന്ന സാ ഹചര്യത്തിൽ പോലും വിദേശ മേൽ പ്പട്ടക്കാരെ അന്വേഷിക്കുന്ന അടിമ ത്ത മന:സ്ഥിതിയായിരുന്നു സഭയുടെ സ്വാതന്ത്ര്യത്തിന് വിഘാ തമായിനിന്ന ഘടകം. ആധിപ ത്യത്തിന് ശ്രമിച്ച അന്യസഭാധികാരി കളും, സഭയുടെ അടിമത്തത്തിൽ അസ്വാഭാവികത കാണാത്ത പ്രാദേ ശിക നേതൃത്വവും സഭയുടെ ഭാവി യെയും സ്വാതന്ത്ര്യത്തെയും കുറിച്ച് ചിന്തിച്ചില്ല. എന്നാൽ ഒരു ഭിന്നത യുടെ പശ്ചാത്തലത്തിൽ സ്വന്തം ന ിലനില്പ് അപകടത്തിലായ സാഹ ചര്യത്തിൽ ഒരു കൂട്ടരുടെ ആവശ്യ ത്തിനായി കാതോലിക്കേറ്റ് സ്ഥാ പ ിക്കപ്പെട്ടതുകൊ് മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനൊപ്പം ഐക്യ ത്തിന്റെ കൂടി പ്രതീകമാകാൻ ഇവി ടത്തെ കാതോലിക്കേറ്റിന് സാധി ക്കാതെ വന്നു. ഈ ഒരു സാഹ ചര്യം ലോ കത്ത് സ്വാതന്ത്ര്യം നേ ടിയ മറ്റൊരു സഭയ്ക്കും ഉായി ട്ടില്ല. സ്വാതന്ത്ര്യം പ്രാപിച്ച ഓരോ സഭയും അതിന്റെ അ ഖണ്ഡത പാലിക്കുന്നതിൽ വിജയിച്ചിട്ടു്. കാതോലിക്കേറ്റ് സഭാവിഭജനത്തോ ടനുബന്ധിച്ച് സ്ഥാപിക്കപ്പെട്ടതിന ാൽ അതിന്റെ ആരംഭം മുതൽ പ്രക ടമാകുന്ന പ്രതിസാക്ഷ്യവും വിഭവ-അംഗശോഷണവും-ആത്മീയ-തളർ ച്ചയും വിസ്മരിച്ച് ശതാബ്ദി വെ റുമൊരു ആഘോഷമാക്കുന്നതിൽ വലി യ അർത്ഥമു് എന്ന് തോന്നു ന്നില്ല.

കാതോലിക്കേറ്റ് വിഭജനത്തി ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ചത് നിമിത്തം അതിന്റെ സ്വാതന്ത്ര്യവും സ്വത്വബോധവുമെല്ലാം ഒരു പക്ഷ ത്തിനു മാത്രം ലഭ്യമായി. മറുഭാഗം കാതോലിക്കേറ്റിനെ അംഗീകരിച്ചില്ല. ആ വിഭാഗം പാത്രിയർക്കേറ്റിന്റെ സർ വ്വാധിപത്യം ഏറ്റുപറഞ്ഞ് ഉായി രുന്ന സ്വാതന്ത്യം കൂടി അതിന് അടി യറവച്ചു. ഒരു കുരിശുംമൂട് പണി തീർക്കുമ്പോൾ പോലും 'അന്ത്യോ ഖ്യാ സിംഹാസനത്തിൻ കീഴിൽ' എന്ന ഫലകം അതിൽ സ്ഥാപിച്ച് അ ടിമത്തം ആഘോഷമായി മാറ്റുന്നു. അതായത് കാതോലിക്കേറ്റിനോട് ചേർന്നുനിന്നവർക്ക് സഭാസ്വാത ന്ത്ര്യം ലഭ്യമായെങ്കിലും സഭയിൽ നിന്ന് പിരിഞ്ഞ് മറുവിഭാഗം പൂർണ്ണ വൈദീക അടിമത്തത്തെ ആശ്ലേഷി ച്ച് സാധ്യമായ സകല വിധ്വംസക പ്രവർത്തനങ്ങളും നടത്തുന്നു എന്നാ ണ് സഭയുടെ വർത്തമാന ചരിത്രം സാക്ഷിക്കുന്നത്. നീ തർക്ക -വ്യവഹാര-സംഘർഷ കാലത്ത് വിഭവശേഷിയും സാക്ഷ്യവും ഏറെ അനുയായികളും സഭയ്ക്ക് നഷ്ട പ്പെട്ടു. ഇടക്കാലത്ത് ഒരു യോജിപ്പാ യെങ്കിലും ഒരു സ്വതന്ത്ര കാതോലി ക്കേറ്റിന്റെ ആവശ്യം തിരിച്ചറിയാതെ മറ്റ് പലതിനും പ്രാധാന്യം കൊടു ത്തുകൊ് വീും സഭ പിളരേി വന്നു. 1995- ലെ ഐക്യോന്മുഖമായ സുപ്ര ീംകോടതിവിധി നടപ്പാക്കുന്നതിൽ വിജയിക്കാത്തത് ഇരുകൂട്ടരുടെയും ആഗ്രഹക്കുറവു മൂലമാണെ ന്ന് പറയാമെങ്കിലും സ്വന്തം വിലയും സാക്ഷ്യവും നഷ്ടപ്പെടുത്തി തെരു വുയുദ്ധം നടത്തുന്നതിലും വലിയ കോട്ടമൊന്നും പാത്രിയർക്കീസ് വി ഭാഗത്തിന് യോജിച്ചിരുന്നു എങ്കിൽ സംഭവിക്കാനില്ലായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞെങ്കിൽ നന്നായി രുന്നു. ഏതായാലും കാതോലിക്കേറ്റ് ഒരു വിഭാഗത്തെ സ്വാതന്ത്ര്യത്തി ലേക്ക് നയിച്ചെങ്കിൽ മറുപക്ഷത്തെ പൂർണ്ണ അടിമത്തത്തിന്റെയും അക്ര മത്തിന്റെയും അനുഭവത്തിലേക്ക് കൊത്തിച്ചിരിക്കുന്ന വിചിത്ര ദൃ ശ്യമാണ് മലങ്കര സഭാരംഗത്ത് കാ ണുന്നത്. സഹോദരന്മാർ അടിമത്തം ആഘോഷിക്കുമ്പോൾ മലങ്കര സഭ യ്ക്ക് എങ്ങനെ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി കൊാടുവാനാകും? ഒരേ ചരിത്രവും, വിശ്വാസവും പൊതു വായുള്ള ഒരു സഭയിൽ ഒരു കൂട്ടർ അടിമത്തം അലങ്കാരമാക്കിയിരിക്കു ന്നതിൽ നാം ഭാരപ്പെടേിയിരിക്കുന്നു. വിഭജനം പരിഹാരമായി കാണു ന്നത് ഈ വിഷയത്തിന്റെ ലളിത വത്കര ണം മാത്രമാണ്.

അതുകൊ് കാതോലിക്കേറ്റി ന്റെ ശതാബ്ദി ആഘോഷിക്കു മ്പോൾ സഭയുടെ വിഭജിതാവസ്ഥ വിസ്മരിക്കാനാവില്ല. അതിനൊരു പ രിഹാരം കത്തുക ശതാബ്ദിയുടെ കാര്യപരിപാടിയിൽ പരിഗണന

## ജന്മദിനാശംസകൾ

കനാട് (ഈസ്റ്റ്) ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താ നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് 2012 ജൂൺ 28 ന് 60 വയ ് തികയുകയാണ്. ഈ ധന്യവേളയിൽ അഭി. തിരുമേനിക്ക് ഡയോസി സൻ ബുള്ളറ്റിൻ എല്ലാ ഭാവുകങ്ങളും നേരുന്നു. മലങ്കരസഭയുടെ ഐക്യത്തിനുവേി തിരുമേനി സ്വീകരിച്ച ഉറച്ച നിലപാടും സഹിച്ച പ ീഡനങ്ങളും നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് സമാധാന ശ്രമം വിജയം വരെ തുടരുന്നതിന് ആവശ്യ മായ ഉൾക്കരുത്തും നിയോഗബോധവും കൃപയും ദൈവം പൂർവ്വാധി കമായി തിരുമേനിക്ക് നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ചീഫ് എഡിറ്റർ

# സഭാശുശ്രൂഷയിൽ
# ര് പതിറ്റാുകൾ -22

ഡോ. തോമസ് അത്താനാസ്യോസ്

സമർപ്പണ ബോധത്തോടെയും സത്യസന്ധതയോടെയും സഭാശുശ്രൂഷകൾ നിർവ്വഹിക്കുന്നവർക്ക് പ്രതികൂല സാഹചര്യങ്ങൾ നിരന്തരം അഭിമുഖീകരിക്കേി വരുമെന്നത് കഴിഞ്ഞ കാലങ്ങളിൽ ഞാൻ തിരിച്ചറിഞ്ഞിട്ടുള്ള പാഠമാണ്. പ്രത്യേക നിലപാടെടുക്കേിവരുന്ന ചരിത്ര സന്ദർഭങ്ങളിൽ കൈകെട്ടി നിന്ന് സാഹചര്യങ്ങൾ നമ്മെ നയിക്കുന്നതിന് അനുവദിച്ചാൽ ആ ജീവിതം താരതമ്യേന ആയാസരഹിതമായിരിക്കും. ബാഹ്യസമ്മർദ്ദങ്ങൾക്ക് വശംവദരായിട്ടായിരിക്കണമോ, അതോ ക്രിസ്തീയ ബോധ്യപ്രകാരമായിരിക്കണമോ ഒരു സഭാമേലദ്ധ്യക്ഷൻ എന്ന നിലയിൽ തന്റെ ശുശ്രൂഷാജീവിതം ക്രമപ്പെടുത്തേത് എന്നത് ഒരു അടിസ്ഥാന സമീപനത്തിന്റെ കാര്യമാണ്. വെള്ളത്തിൽ ഒതളങ്ങപോലെ കിടന്ന് വെള്ളത്തിന്റെ ഒഴുക്കിനും ഓളങ്ങൾക്കും അനുസൃതമായി ഉലയാൻ അനുവദിച്ചും സഭാമേലദ്ധ്യക്ഷന്മാർക്ക് കഴിയാനാവും. എന്നാൽ അവിടെ ബാഹ്യസാഹചര്യങ്ങളാണ് സഭാശുശ്രൂഷയെ നിയന്ത്രിക്കുന്നത്. അത്തരക്കാർക്ക് തീരുമാനങ്ങളുടെ ഭവിഷ്യത്തുകൾ ഏറ്റെടുക്കേ ബാധ്യതയില്ല. ഭാവിയിൽ സഭയ്ക്ക് നേരിടേി വരുന്ന പ്രതിസന്ധികളെപ്പറ്റി ഭാരപ്പെടേതുമില്ല.

അടുത്തകാലത്ത് യാക്കോബായ സംഘത്തിൽ ഏറെ മെത്രാന്മാർ വാഴിക്കപ്പെട്ടിട്ടു്. കപ്പവും കോഴയും കൊടുത്ത് സ്ഥാനത്തെത്തുകയും കൃത്യമായ മാസവരി നൽകി ആ സ്ഥാനം നിലനിർത്തുകയും ചെയ്യുന്നവരാണ് ഇവർ എന്നത് അങ്ങാടിപ്പാട്ടാണ്. ഈ മേൽപ്പട്ടക്കാർക്ക് നേതാവിന്റെ ആജ്ഞയനുസരിക്കുക എന്നതിൽ കവിഞ്ഞ പ്രത്യേക നിയോഗബോധമൊന്നും ഉാകുവാനാകില്ല. ആജ്ഞാനുസരണം ഏത് വേഷവും കെട്ടി ആടുവാൻ മാത്രമേ ഇവർക്ക് സാധിക്കൂ. എപ്പിസ്കോപ്പ എന്ന നിലയിലുള്ള ഇവരുടെ നിയോഗത്തെക്കുറിച്ച് അല്പമെങ്കിലും ചിന്തിക്കുവാൻ സാധിക്കാത്തതിൽ അത്ഭുതപ്പെടാനില്ല.

എന്നാൽ സാഹചര്യങ്ങളുടെയും സഭാധികാരികളുടെയും സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴ ങ്ങി ആത്മാർത്ഥത കൂടാതെ ജീവിതം നയിക്കാനും സഭാശുശ്രൂഷ ചെയ്യാ നും എന്റെ ക്രിസ്തീയ മനഃസാക്ഷി എന്നെ അനുവദിക്കാതിരിക്കുന്നതുകൊ് അടുത്തകാലത്ത് രൂപം കൊ യാക്കോബായ സംഘടനയുടെ രോഷപ്രകടനങ്ങൾ ഒട്ടേറെ നേരിടേി വരുന്നു്. എന്നാൽ മനഃസാക്ഷിയും ക്രിസ്തീയബോധവുമുള്ള നേതൃത്വത്തിന് ഒഴിവാക്കാനാവാത്ത ഒരു സാഹചര്യമാണ് ഇത് എന്നത് ഒരു വാസ്തവമാണ്. എന്റെ ശുശ്രൂഷാജീവിതം അർത്ഥവത്താകാൻ സൃഷ്ടിക്കപ്പെടുന്ന ദൈവീക ക്രമീകരണമായി ഞാൻ ഈ സാഹചര്യങ്ങളെ കാണുന്നു. പ്രതികൂല സാഹചര്യങ്ങൾ ഒഴിഞ്ഞു പോകണമെന്നല്ല, സത്യത്തിനും നീതിക്കും വേി അവയെ അടിപതറാതെ നേരിടുവാനുള്ള ദൈവകൃപ ലഭ്യമാകണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

1995 ലെ സഭാകേസ് സംബന്ധിച്ച സുപ്രീംകോടതിവിധി എന്നെ സംബന്ധിച്ചിടത്തോളം ആ നിലയിൽ നേരിടേി വന്ന ഒരു വെല്ലുവിളിയായിരുന്നു. ആ വിധി മലങ്കരസഭയുടെ നന്മയ്ക്കായി ദൈവം ആവിഷ്ക്കരിച്ച ഒരു പദ്ധതിയുടെ ഭാഗമാണ് എന്ന ചിന്തയാണ് എനിക്ക് ഇന്നുമുള്ളത്. ഇരുകൂട്ടർക്കും അഭിമാനം നഷ്ടപ്പെടുത്താതെ ഐക്യപ്പെടുവാനുള്ള സാഹചര്യമാണ് അത് ഒരുക്കിയത്. 1958-70 കാലയളവിലെ അവസ്ഥയിലേക്ക് സഭ തിരികെ പോകണമെന്നും 1934-ലെ സഭാ ഭരണഘടനസഭയ്ക്ക് ബാധകമാണ് എന്നും, സഭാ സമിതികളുടെ രൂപീകരണം കൂടുതൽ ജനാധിപത്യപരമാക്കണമെന്നും ആയിരുന്നു വിധിയു ടെ ചുരുക്കം. ഒരു ഉത്കണ്ഠയും കൂടാതെ അന്നത്തെ ഇരു കക്ഷികൾക്കും യോജിക്കാൻ സംരക്ഷണം നൽകിയ വിധിയായിരുന്നു ഇത്. മാത്രമല്ല, തമ്മിലടിച്ച് സ്വയം നശിക്കാതെ നിലനിൽക്കുന്നതിനുള്ള അവസരവും ഈ ഉത്തരവ് നൽകി. സഭായോജിപ്പിനുള്ള അന്തരീക്ഷം ഉായെങ്കിലും പെട്ടെന്ന് അത് മാറി. വിഘടിച്ചുനിന്ന് ഏറ്റുമുട്ടാൻ ദിവന്നാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ മുൻപാത്രിയർക്കീസ് കക്ഷിയിലെ ഒരു വിഭാഗം തീരുമാനിച്ചു. ഓർത്തഡോക്സ്കാർ നി ംഗത പുലർത്തുകയും ദിവന്നാസ്യോസ് അനുയായികൾ പിളർപ്പിന് ആക്കം കൂട്ടുകയും ചെയ്ത കാലഘട്ടം ആയിരുന്നു 1997 മുതൽ. ഐക്യസാധ്യത നൽകിയ കോടതിവിധിക്ക് ശേഷവും സഭാവഴക്ക് മുമ്പോട്ടു കൊുപോകുന്നത് ഒരു സഭയെന്ന നിലയിൽ ഈ സമൂഹത്തിന് ഗുണകരമല്ലെന്നും, മറിച്ച് അനീതിയും പ്രതിസാക്ഷ്യവുമാണെന്നും എനിക്ക് ബോധ്യമായി രുന്നു. ഓർത്തഡോക്സ് സഭയിൽ നിന്ന് പ്രത്യേകിച്ച് എന്തെങ്കിലും തരത്തിലുള്ള പിന്തുണ ലഭിക്കുമെന്ന അമിതപ്രതീക്ഷയും അന്നെനിക്ക് ഇല്ലായിരുന്നു. സഭൈക്യത്തിന് അനുകൂലമായ നിലപാടെടുക്കാൻ എന്നെ പ്രേരിപ്പിച്ച പ്രധാന ഘടകങ്ങൾ എന്റെ ക്രിസ്തീയ ബോധ്യവും മനഃസാക്ഷിയും സഭയുടെ ഭാവിയെപ്പറ്റിയുള്ള ചിന്തയും ആയിരുന്നു.

ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങി ഇപ്പോഴത്തെ ശ്രേഷ്ഠബാവയുടെ സംഘത്തിൽ ചേർന്ന് മനഃസാക്ഷിക്കും ക്രിസ്തീയബോധ്യത്തിന

ും ചേരാത്തവിധം വേഷംകെട്ടിയിറങ്ങി അനീതി സ്ഥാപിച്ചുകിട്ടുവാനായി തെരുവുസമരങ്ങളിൽ പങ്കെടുക്കേിവന്നിരുന്നെങ്കിൽ എനിക്ക് ഒരിക്കലും മനഃശാന്തി ലഭിക്കുമായിരുന്നില്ല. സഭയിൽ ഐക്യവും സമാധാനവും ഉാകുന്നതിനുവേിയുള്ള ശ്രമത്തിൽ അല്പം ത്യാഗവും നിന്ദയുമൊക്കെ സഹിക്കേി വരുമ്പോഴും ജീവിതത്തിന് അർത്ഥലോപം വരുന്നില്ലല്ലോ. ഒന്നരക്കോടിയുടെ കാറിൽ നിന്നിറങ്ങി പെരുവഴിയിലും പൊലീസ് സ്റ്റേഷനിലും മുട്ടുകുത്തി മാധ്യമപ്രവർത്തകർക്കു വേി ഫോട്ടോയ്ക്ക് പോസ് ചെയ്യുന്ന മത നേതാവിന്റെ ഗോഷ്ടികളിൽ പങ്കുചേരാൻ ദൈവം ഇടവരുത്തിയില്ലല്ലോ എന്ന ആത്മ സംതൃപ്തി എനിക്കു്. കൂടെനിന്നതിന്റെ പേരിൽ എതിർപക്ഷത്തിന്റെ അക്രമങ്ങൾക്ക് വിധേയരാകുന്ന വന്ദ്യ വൈദീകരെയും വിശ്വാസികളെയും ഓർത്ത് മാത്രമാണ് എന്റെ ദുഃഖം.

സഭായോജിപ്പിനും സമാധാനത്തിനും വേി ഉത്സാഹം കാണിക്കുകയും പാതിവഴി ഒപ്പം പോരുകയും ചെയ്ത ചിലർ അക്രമസംഘത്തിൽ ചേരുന്നതാണ് എന്തുകൊും ലാഭമെന്ന് മന ിലാക്കി ആ വഴിപോയി. സഭൈക്യത്തിനുവേി നിലപാടെടുത്തവരെ നോക്കി അവരിപ്പോൾ ഉഗ്രവാദം ഉതിർക്കുമ്പോൾ സത്യത്തിൽ ചിരിവരും. മുൻകാലങ്ങളിൽ ദിവന്നാസ്യോസ് തിരുമേനിയെ പല്ലും നഖവും കൊതിർത്തിരുന്നവർ ഇന്ന് അദ്ദേഹത്തിന് പാദസേവ ചെയ്യുന്ന തിൽ പ്രകടിപ്പിക്കുന്ന മെയ്വഴക്കം ആരേയും അത്ഭുതപ്പെടുത്തും. വേദശാസ്ത്രത്തിൽ നാലക്ഷരം മന ിലാക്കി എന്ന് കരുതപ്പെട്ടവർ പോലും ഇന്ന് ആവേശപൂർവ്വം അക്രമത്തി നും പള്ളിപിടുത്തത്തിനും നേതൃത്വം കൊടുക്കുന്ന കാഴ്ച സഹതാപജന കമാണ്. ഏതായാലും മനഃസാക്ഷിക്കനുസൃതമായി പ്രലോഭനങ്ങളുടെ യും ഭീഷണികളുടെയും മധ്യത്തിൽ ഈ സഭയുടെ ഐക്യത്തിനും സമാധാനത്തിനും വേി ഒരു ചുവടുവയ്ക്കുന്നതിന് സാധിച്ചതിൽ എനിക്കിന്ന് അഭിമാനവും ചാരിതാർത്ഥ്യ വുമു്. ചെയ്ത കാര്യത്തിന് ന്യാ യവും നീതീകരണവുമു് എന്ന ബോധ്യമാണ് എതിർപ്പുകളുടെയും കയ്യേറ്റങ്ങളുടെയും മദ്ധ്യത്തിൽ പിടിച്ചുനിൽപിന് എനിക്ക് കരുത്തും ധൈര്യവും പകരുന്നത്.

എന്നാൽ ഞങ്ങൾക്കൊപ്പം സ ഭാഭരണഘടന അംഗീകരിച്ച് ഐക്യപ്രക്രിയയിൽ പങ്കുചേർന്ന ഏബ്ര ഹാം മാർ സേവേറിയോസ് തിരുമേനി എളുപ്പമാർഗ്ഗം കത്തെിയാക്കോബായ ക്രിസ്ത്യാനി സമൂഹത്തിൽ കൂടിയത് ഏറെ ദുഃഖമായി. തിരുമേനിയെ ഞങ്ങളോടൊപ്പം നിൽക്കാൻ പ്രേരിപ്പിച്ച ഘടകം സഭൈക്യത്തോടുള്ള ആഭിമുഖ്യം ആയിരുന്നില്ലെന്നുവേണം കരുതാൻ. ദിവന്നാസ്യോസ് തിരുമേനിയുടെ പീഡനങ്ങൾ ആയിരുന്നു മുഖ്യ പ്രേരണ. കൂടാതെ മിലിത്തിയോസ് തിരുമേനിയും ഞാനും ഉൾപ്പെട്ട ഒരു നീക്കത്തിൽ നിൽക്കുകയാണ് അഭികാമ്യം എന്ന ചിന്തയും അദ്ദേഹത്തിനുായിരുന്നിരിക്കണം. നിയമസംരക്ഷണം അദ്ദേഹത്തിന് ലഭിക്കുമെന്നും ഐക്യശ്രമത്തിന് കൂടെ നിന്നവർ അദ്ദേഹത്തോട് വിശ്വസ്തത പുലർത്തുമെന്നും തിരുമേനി കരുതിക്കാണും. സീനിയർ മെത്രാപ്പോലീത്തയായ മാർ ദിവന്നാസ്യോസിന്റെ പോരിന് തടയിടാൻ ഈ നടപടി ഗുണപ്പെടുമെന്നും അദ്ദേഹം ചിന്തിച്ചിരിക്കണം.

എന്നാൽ കാര്യങ്ങൾ അത്ര ശുഭകരമായി നീങ്ങിയില്ല. കൂടെ നിന്ന അവസരവാദികൾ മറുഭാഗത്തേയ്ക്ക് മാറി. അങ്കമാലി ഭദ്രാസനത്തിലെ പ ള്ളികൾ അദ്ദേഹത്തിന് പ്രവേശനം നിഷേധിച്ചു. നിയമാനുകൂല്യം നടപ്പിലാക്കുന്നതിൽ കാലവിളംബം ഉായി. സഭ അദ്ദേഹത്തിന്റെ കാര്യത്തിൽ ഉദാസീനത കാണിക്കുകയും വാക്കുപാലിക്കാതിരിക്കുകയും ചെയ്തെന്ന ചിന്തയും അദ്ദേഹത്തിനുായി. ഇതെല്ലാം അദ്ദേഹത്തിന് ചുവടുമാറ്റത്തിന് പ്രേരണ നൽകി. ഇടയ്ക്ക് ഒരു പ്രാവശ്യം ദിവന്നാസ്യോസ് തിരുമേനിയുമായി പുനരൈക്യത്തിന് ശ്രമി ച്ചെങ്കിലും അന്ന് വിജയിച്ചില്ല. പരി. മാത്യൂസ് ദ്വിതീയൻ ബാവാ തിരിച്ചു പിടിച്ചതുകൊ് വലിയ പരിക്കില്ലാതെ സ്ഥാനത്ത് തുടരുവാനായി. പിന്നീട് നടത്തിയ നീക്കത്തിൽ നിക്കോളാവോസ് തിരുമേനിയും ഞാനും തടയിടാൻ ശ്രമിച്ചെങ്കിലും അങ്ങനെയൊന്നും നടക്കുന്നില്ല എന്നുപറഞ്ഞ് അദ്ദേഹം ഞങ്ങളെ പിന്തിരിപ്പിക്കുകയായിരുന്നു.

അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ബാഹ്യ സമ്മർദ്ദങ്ങളും പ്രലോഭനങ്ങളുടെ ശക്തിയും കുറെ ഇച്ഛാഭംഗങ്ങളുമെല്ലാം അദ്ദേഹത്തിന്റെ നിലപാട് പുനഃപരിശോധിക്കുന്നതിന് പ്രേരകമായി. താനുാക്കിയ സ്ഥാപനങ്ങളും തന്റെ സ്വാതന്ത്ര്യവും മനഃസാക്ഷിയുമെല്ലാം അടിയറവച്ച് യാക്കോബായ വിഭാഗത്തി ന്റെ വിശ്വസ്ത വിധേയനായി കഴിയുന്നതിന് അദ്ദേഹത്തിനെന്തെങ്കിലും സമാധാനം ലഭിക്കുമെങ്കിൽ അത് സാധ്യമാകട്ടെ. സേവേറിയോസ് തിരുമേനിയുടെ ഈ നടപടി സഭൈക്യരംഗത്ത് അവശേഷിച്ച ഞങ്ങളുടെ വി ശ്വാസ്യതയെ ദുർബലമാക്കുവാൻ സാഹചര്യമൊരുക്കി. ഞങ്ങൾക്കുായ മനഃക്ലേശമൊന്നും അദ്ദേഹത്തിന് വിഷയമായിരുന്നു എന്ന് തോ ന്നുന്നില്ല. അക്രമവും ഭീഷണിയും പ്രലോഭനവും ചിലരിലൊക്കെ ഫലിക്കുമെന്നതിന്റെ തെളിവായിരുന്നു സേവേറിയോസ് തിരുമേനിയുടെ ഈ ചുവടുമാറ്റം.

ഇത്തരം വേലകൾകൊ് മിലിത്തിയോസ് തിരുമേനിയെയും എന്നെ യും പാട്ടിലാക്കാൻ കഴിയില്ലെന്നുക് ശ്രേഷ്ഠ ബാവാ പുതിയ അഭ്യാസങ്ങൾ പയറ്റാൻ തുടങ്ങി. ഞങ്ങൾ രും അദ്ദേഹത്തിന്റെ സംഘത്തിൽ ചേർക്കണമെന്ന് അപേക്ഷിച്ചുകൊ ് തന്റെ അരമനയിൽ സ്ഥിരം കയറിയിറങ്ങുകയാണെന്ന വ്യാജ പ്രസ് താവന തുടരെ ഇറക്കി. ഒരു പ്രാവ ശ്യം കേരളകൗമുദി ദിനപത്രത്തിൽ ഈ വാർത്ത വന്നു. ഇതിനെതിരെ എനിക്ക് പത്രത്തിന്റെ പേരിൽ വ ക്കീൽ നേ

ആത്മീകം

# മതം സൂചന: ആത്മീയത ലക്ഷ്യം

**മാതാ അമൃതാനന്ദമയി**

**ഓ**രോ വിശ്വാസത്തിനും ര് ഭാവങ്ങൾ (aspects) ഉ്. മതപരവും ആത്മീയവും. മതം വിശ്വാസത്തിന്റെ പുറംതോടാണ്. ആത്മീയതയാണ് അതിന്റെ ആന്തരീക സത്ത. ഒരുവന്റെ യഥാർത്ഥ പ്രകൃതത്തിലേക്കുള്ള ഉണരലാണ് ആത്മീയത. സ്വയം മന ിലാക്കി ജീവിക്കുവാൻ ശ്രമിക്കുന്നവരാണ് ഭക്തന്മാർ. ആത്മീക തത്വങ്ങൾ ഗ്രഹിക്കുകയും ആചരിക്കുകയും ചെയ്താൽ വിശ്വാസം ഏത് തന്നെ ആയിരുന്നാലും ഒരുവന് ഈശ്വര പ്രാപ്തി എന്ന പരമ ലക്ഷ്യം നേടാൻ കഴിയും. എന്നാൽ ആത്മീയ തത്വങ്ങൾ ഉൾക്കൊള്ളാൻ കഴിയാതിരുന്നാൽ വിശ്വാസം അന്ധവും അടിമത്തവുമായിരിക്കും.

ജനഹൃദയങ്ങളുടെ ഐക്യമാണ് മതൈക്യം സാധ്യമാക്കുന്നത്. അത് ഇല്ലാതിരുന്നാൽ മനുഷ്യസമൂ ഹത്തിന് ഒത്തുചേരാനും പൊതുനന്മയ്ക്കുവേി സഹകരിച്ചു പ്രവർത്തിക്കുവാനും സാധ്യമല്ല. തന്മൂലം നാം അന്യോന്യം അകലുക മാത്രമല്ല ന മ്മുടെ പ്രയത്നങ്ങളെല്ലാം ശിഥിലമാകുകയും അവയ്ക്ക് പൂർണ്ണഫലം സിദ്ധിക്കാതെ വരികയും ചെയ്യും.

മതം ഒരു ചൂൂപലകയാണെന്ന് പറയാം. ലക്ഷ്യമോ, ആത്മീയ അനുഭവമാണ്. ഉദാഹരണത്തിന്, ഒരാൾ ഒരു വൃക്ഷത്തെ ചൂിക്കാണിച്ചുകൊ് പറയുകയാണ്, ‘‘നോക്കുക, അതിന്റെ ശാഖകളിൽ തൂങ്ങിക്കിടക്കുന്ന പഴങ്ങൾ കാണുന്നില്ലേ? നിങ്ങൾ അത് തിന്നാൽ അനശ്വരത നേടാം.’’ ഇങ്ങനെ ആരെങ്കിലും നമ്മോട് പറഞ്ഞാൽ നാം മരത്തെ സമീപിക്കണം. പഴങ്ങൾ പറിച്ച് ഭക്ഷിക്കണം. അതിനു പകരം നാം അയാളുടെ ചൂുവിരലിൽ നോക്കിയിരിക്കുക മാത്രം ചെയ്താൽ നമുക്ക് ആ ഫലം ആസ്വദിക്കുവാൻ കഴിയുകയില്ല. അമർത്യത നേടാനും ആവില്ല. മനുഷ്യർ മതസൂക്തങ്ങൾ മുറുകെ പിടിക്കുകയും അതേസമയം അവ യെ വേവിധം ഗ്രഹിക്കാതെയും ആചരിക്കാതെയും ഇരിക്കുകയും ചെയ്താൽ ഇതു തന്നെയാണ് സംഭവിക്കുക. മതം ഈശ്വരസായൂജ്യത്തിനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നതേയുള്ളൂ. നാമാണ് അത് അനുവർത്തിച്ച് ഫലസിദ്ധി നേടേത്.

മതഗ്രന്ഥങ്ങൾ വായിക്കുകയും അവയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്താൽ ഒരുവൻ ഒരു വള്ളത്തിൽ കയറിയിരുന്ന് തുഴയാതിരിക്കുന്നതിന് തുല്യമാണ്. അയാൾക്ക് ലക്ഷ്യത്തിലെത്താൻ കഴിയുകയില്ല. വള്ളത്തെപ്പോലെ മതസൂക്തങ്ങൾ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ മാത്രമാണ്. ലക്ഷ്യങ്ങളല്ല. അവ ഹൃദിസ്ഥമാക്കുന്നതുമൂലം ല ക്ഷ്യപ്രാപ്തി സാധ്യമാകുന്നില്ല. അവയുടെ പ്രചാരണവും പോരാ. അവയു ടെ കൃത്യമായ ആചരണമേ ലക്ഷ്യം കൈവരിക്കാൻ സഹായകമാവൂ.

നമ്മുടെ അജ്ഞതയും അറിവുകുറവും നിമിത്തം നാം മഹാത്മാക്കളെ മതങ്ങളുടെ കൊച്ചുകൂടുകളിൽ ബന്ധിക്കുവാൻ ശ്രമിക്കുന്നു. ഋഷിമാരുടെയും മറ്റ് മഹത്തുക്കളുടെയും വാക്കുകൾ നമ്മുടെ സ്വത്വത്തിന്റെ അറ തുറക്കന്നതിനുള്ള താക്കോൽ ആണ്. എന്നിരുന്നാലും നമ്മുടെ മിഥ്യാധാരണകൾ മൂലം അവയെ നാം പരസ്പര വാഗ്വാദങ്ങൾക്കും കുറ്റാരോപണത്തിനും മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഇതുവഴി നാം നമ്മുടെ അഹത്തെ ഊതിവീർപ്പിക്കുകയും നമ്മെത്തന്നെ ബന്ധിതരാക്കുകയുമാണ് ചെയ്യുന്നത്. ഇത് തുടർന്നാൽ പരസ്പരധാരണയും മതങ്ങൾ തമ്മിലുള്ള സഹ

---

ാട്ടീസ് അയപ്പിക്കേിവന്നു. മലബാർ യാക്കോബായ ഭദ്രാസനത്തിലെ പള്ളി പ്രതിപുരുഷയോഗത്തിൽ അദ്ദേഹം ഇത് പരസ്യമായി പ്രഖ്യാപിച്ചതു കേട്ട് അവിടെ നിന്ന് ഒരച്ചൻ എന്റെ അടുക്കൽ വിവരം അറിയാനെത്തി. കാര്യം സത്യമല്ല എന്നറിഞ്ഞ് അച്ചൻ തിരികെപ്പോയി. സേവേറിയോസ് തിരുമേനിയുടെ നടപടികൊ് ഞങ്ങളുടെ കാര്യത്തിലും സംശയം ജനിപ്പിച്ച് ഓർത്ത ഡോക്സ് സഭയിൽ ഞങ്ങളുടെ നില പരുങ്ങലിലാക്കാൻ ശ്രേഷ്ഠബാവയുടെ ആസൂത്രണമായിരുന്നു ഈ കള്ള പ്രചാരണം. ഏതായാലും കുറെ കാലത്തേക്ക് ഓർത്തഡോക്സ് സഭാനേതൃത്വത്തിലുള്ള ചിലരും ഈ പല്ല വി ഏറ്റുപാടിക്കൊിരുന്നു. കാലം ഇരുകൂട്ടർക്കും സത്യം വെളിപ്പെടുത്തട്ടെ എന്ന് കരുതി ഞങ്ങൾ മൗനം ഭജിച്ചു. ഇപ്പോൾ ഈ സംശയരോഗികൾ കുറഞ്ഞെന്ന് തോന്നുന്നു.

ചരിത്രത്തിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ സാക്ഷിയാകുക എന്നതാണ് സഭയുടെ നിയോഗം. കർത്താവ് തന്റെ സ്വർഗ്ഗാരോഹണ സമയത്ത് തന്റെ ശിഷ്യസമൂഹത്തിന് നൽകുന്ന സന്ദേശം ലോകാതിർത്തികളോളവും ലോകാന്ത്യത്തോളവും തന്റെ സാക്ഷികൾ ആകുക എന്നതായിരുന്നു. ഈ പരമമായ കല്പന നിരന്തരം ലംഘിച്ച് ഒരു കലാപസമൂഹമാകുവാനുള്ള ദുർവിധിയാണിന്ന് മലങ്കരസഭയ്ക്ക് നേരിട്ടിരിക്കുന്നത്. ഭിന്നതയില്ലാതെ, സ്വാർത്ഥതയില്ലാതെ, ഐക്യത്തിലും കൂട്ടായ്മയിലും ജീവിച്ച് ദൈവരാജ്യത്തിന്റെ പ്രതിച്ഛായയും പ്രതീകവുമായിത്തീരുക സഭയുടെ ആത്യന്തിക വിളിയായിരിക്കെ, അക്രമവും കൊലവിളിയും നടത്തി ഒരു സെക്കുലർ സമൂഹത്തിന് അലോസരമുാക്കുന്നതിനെപ്പറ്റി അക്കൂട്ടർക്ക് ചിന്തയില്ലല്ലോ എന്ന ദുഃഖമാണെനിക്കുള്ളത്. ഐക്യത്തിനും അനുരഞ്ജനത്തിനും സാക്ഷ്യം നിർവ്വഹിക്കേ സഭ ഭിന്നതയുടെയും ഏറ്റുമുട്ടലിന്റെയും രംഗമാ

വർത്തിത്തവും എന്നെന്നും ഒരു വിദൂര സ്വപ്നമായി അവശേഷിക്കുകയേ ഉള്ളൂ.

അമ്മ ഒരു കഥ ഓർക്കുന്നു. ഒരിക്കൽ ഒരു ചിത്രകാരൻ ഒരു യുവതിയുടെ ചിത്രം വരച്ചു. കാണുന്ന ആരി ലും അനുരാഗം ജനിപ്പിക്കത്തക്കവിധം സുന്ദരിയായിരുന്നു അവൾ. അവളുടെ തിളങ്ങുന്ന കണ്ണുകളും വിടർന്ന നാസികയും മിനുമിനുത്ത കവിൾത്തടങ്ങളുമെല്ലാം ആരേയും ആകർഷിക്കുന്നവയായിരുന്നു. ചിത്രത്തിലെ യുവതി ആ കലാകാരന്റെ കാമുകിയോ ഭാര്യയോ ആണോ എന്ന് പലരും തിരക്കി. അല്ലെന്നറിഞ്ഞതോടെ അവർക്കെല്ലാം അവളെ സ്വന്തമാക്കണമെന്ന് മോഹമായി. മറ്റാർക്കും വിട്ടുകൊടുക്കാൻ ആരും തയ്യാറായില്ല. അവളെ എവിടെ എങ്ങനെ കാണാനാവുമെന്നായി അവർ. അതിനവർ ചിത്രകാരന്റെ സഹായം അഭ്യർത്ഥിച്ചു. അയാൾ പറഞ്ഞു. "നിങ്ങളെ സഹായിക്കാൻ കഴിയാത്തതിൽ എനിക്ക് ഖേദമു്. സത്യത്തിൽ ഞാനവളെ കിട്ടില്ല. അവളുടെ പേരും വീടും നാടും മതവും ഭാഷയുമൊന്നും എനിക്കറിയില്ല. എന്റെ സ്ത്രീസൗന്ദര്യ സങ്കല്പങ്ങളെല്ലാം ചേർത്ത് ഞാൻ രൂപ ഭാവങ്ങൾ നൽകിയ ഒരു സ്വപ്നസുന്ദരിയാണവൾ. അതുപോലൊരുത്തി മറ്റൊരിടത്തും ജീവിക്കുന്നില്ല. എന്റെ മന ിൽ മാത്രം. അതുകൊ് നിങ്ങൾ ആർക്കും അവളെ കാണുവാനോ സ്വന്തമാക്കുവാനോ സാധ്യമല്ല."

പക്ഷേ ആ യുവാക്കൾക്ക് അ യാളുടെ വാക്കുകൾ വിശ്വസിക്കാൻ കഴിഞ്ഞില്ല. "താങ്കൾ പറയുന്നത് കള്ളം. താങ്കൾ അവളെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ആരെങ്കിലും തട്ടിയെടുക്കുമെന്ന് ഭയക്കുന്നു. അതുകൊാണങ്ങനെയൊക്കെ പറയുന്നത്." ആ ചിത്രകാരൻ ശാന്തസ്വരത്തിൽ പറഞ്ഞു. "അ ങ്ങനെയല്ല അതിനെ ആരുടെയും ചി ത്രമായി എടുക്കരുത്. ലോകത്തെവിടെയും അവളെ നിങ്ങൾക്കു കാണാൻ കഴിയില്ല. കാരണം അങ്ങനെ ഒരാളില്ല. ഉായിട്ടുമില്ല. അവൾ ശാലീനതയുടെ ആൾരൂപമാണ്."

ഇത്രയൊക്കെ പറഞ്ഞിട്ടും അവർക്കു വശ്വാസമായില്ല. അവളെ സ്വന്തമാക്കുവാനുള്ള മോഹത്തിൽ അവർ തമ്മിൽ വഴക്കടിച്ചു നശിച്ചു.

നാമും ഏതാതിതുപോലെയാണ്. ഇന്നും ജനം ചിത്രങ്ങളിലും മതഗ്രന്ഥങ്ങളിലും മാത്രം വസിക്കുന്ന ഈശ്വരനെ തേടുന്നു. ആ ഈശ്വരനെ ആരാധിച്ചു തൃപ്തിയടയുവാൻ ശ്രമിക്കുന്നു. നമ്മിലെ ഈശ്വരാംശത്തെ കത്തെുവാനും പരിപോഷിപ്പിക്കുവാനും ശ്രമിക്കുന്നില്ല. ഈശ്വരാന്വേഷണത്തിൽ നമുക്കു വഴിപിഴച്ചിരിക്കുന്നു. മതസൂക്തങ്ങളുടെ പൊരുൾ അറിയാനും ആചരിക്കുവാനും നാം യത്നിക്കുന്നില്ല. ഈശ്വരനിൽ നിന്ന് കൃപകൾ യാചിച്ചുവാങ്ങുവാനാണ് നമ്മുടെ ശ്രമമത്രയും. അതിനുള്ള യോഗ്യത നേടുവാൻ ഉത്സാഹമില്ല. മഹാത്മാക്കൾ ആത്മീയ മൂല്യങ്ങൾക്ക് പ്രാധാന്യം കല്പിക്കുമ്പോൾ അ വരുടെ അനുയായികൾ വ്യക്തികൾ ക്കും സ്ഥാപനങ്ങൾക്കുമാണ് പ്രാ മുഖ്യം നൽകുന്നത്. തന്മൂലം മനുഷ്യസ്നേഹത്തിന്റെ പൊൻചരടിൽ കോർത്തിണക്കി ലോകത്തിന് ശാ ന്തിയും സമാധാനവും പ്രദാനം ചെ യ്യേ മതങ്ങൾ ഇന്ന് ഭിന്നതകൾക്കും യുദ്ധങ്ങൾക്കും ഹേതുവായി പരിണമിക്കുന്നു. മഹത്തുക്കൾ ആദ്ധ്യാത്മികതയുടെ ആൾരൂപങ്ങളാണ്. അവരുടെ നിസ്വാർത്ഥ ജീവിതങ്ങളാണ് യഥാർത്ഥ മതങ്ങളുടെ ആവാസ സ്ഥാനങ്ങൾ. അതുകൊ് ആദ്ധ്യാത്മികത പഠിക്കുവാനും പ്രയോഗത്തിൽ വരുത്തുവാനുമുള്ള എളുപ്പമാർഗ്ഗം അവരുടെ ജീവിതങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ആത്മാർത്ഥതയോടെ പകർത്തുകയുമാണ്.

വിശ്വാസത്തിന്റെ ശക്തി ആത്മീയതയിലാണ്. സമൂഹമാകുന്ന വൻകോട്ട കെട്ടിപ്പെടുക്കുവാനുള്ള സിമന്റാണത്. ആത്മീയത കൂടാതെ ഒഴുക്കൻ മതജീവിതം നയിക്കുന്നത് സിമന്റ് കൂടാതെ ഇഷ്ടികകൾ അടുക്കി

*(2-ാം പേജിൽ നിന്ന് തുടർച്ച)*

താണ് അവിടന്ന് നൽകിയതെന്ന് ഓർക്കുക. സഭാപിതാക്കന്മാരും അക്രമമാർഗ്ഗത്തിലൂടെ സഭയെ വളർത്തിയ ചരിത്രമില്ല. മലങ്കരസഭയിൽ ഐക്യവും സമാധാനവും പുനഃസ്ഥാപിക്കുവാൻ ഏറ്റവും അനുകൂലമായ സാഹചര്യം ന്യായാധിപരിലൂടെ ദൈവം ഒരുക്കിയത് തിരിച്ചറിഞ്ഞ് സഭാമക്കളെ നേർവഴി നയിക്കാൻ പരിശുദ്ധാത്മ പ്രേരണ ലഭിക്കാത്ത സഭാനേതാക്കൾക്ക് അതിന് സാധിച്ചവരെ കൊലപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുവാനുള്ള ഗതികേടാണ് ഇന്ന് വന്നുകൂടിയിരിക്കുന്നത്. അതിനുള്ള സാക്ഷ്യപത്രമാണ് വടകരയിലും മണ്ണത്തൂരുമെല്ലാം പ്രത്യക്ഷപ്പെട്ട ബോർഡുകൾ.

എത്ര കടുത്ത കുറ്റവാളിയെപ്പോലും വിചാരണകൂടാതെ ശിക്ഷിക്കുവാനുള്ള നിയമം പരിഷ്കൃത സമൂഹത്തിലില്ല. ആ നിലയ്ക്ക് തല വെട്ടാനുള്ള ഈ ആഹ്വാനം രാജ്യത്തെ ഭരണകൂടങ്ങൾക്ക് നി ാരമായി കാണുവാൻ സാധ്യമല്ല. മാധ്യമങ്ങൾ വഴി ഈ വാർത്തകൾ പരസ്യപ്പെടുത്തുവാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. എന്നിരുന്നാലും സംഭവം ചൂിക്കാണിച്ചുകൊ് പിറവം സി.ഐ.യ്ക്ക് യഥാസമയം പരാതി സമർപ്പിച്ചിട്ട്. അദ്ദേഹം അന്വേഷണച്ചുമതല കൂത്താട്ടുകുളം എസ്.ഐ.യെ ഏല്പിച്ചിട്ട്. പൊലീസ് അർഹിക്കുന്ന ഗൗരവത്തോടെ ഈ വിഷയം കൈകാര്യം ചെയ്യുമെന്ന് ഞങ്ങൾ കരുതുന്നു.

തലവെട്ടാനുള്ള ഈ ആഹ്വാനംക് ആരും ഭയപ്പെടാൻ പോകുന്നില്ല. ഇത്തരം ഭീകര പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്ന സഭയുടെ ധാർമ്മിക അധഃപതനവും ദാർശിനിക പാപ്പ രത്തവുമോർത്ത് പരിതപിക്കുകയേ ഉള്ളൂ. "സമാധാനമുാക്കുന്നവർ ഭാഗ്യവാന്മാർ: അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും" എന്ന് കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ പ്രഖ്യാപിക്കുന്നു. സമാധാനമുാക്കുന്നവരുടെ തല വെട്ടാൻ ആഹ്വാനം ചെയ്യുന്നവരെ ആരുടെ സന്താനങ്ങൾ എന്ന് വിളിക്കണം?

വഴിവിളക്ക്

# മരണക്കിടക്കയും മഹത്തരം

ഫാ. സി.ഡി. തോമസ്, വടകോട്

ഒരിക്കൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഒരു പരിപാടി കഴിഞ്ഞ് പ്രശസ്ത എഴുത്തുകാരും നിരൂപകരുമായ സി. രാധാകൃഷ്ണൻ, പ്രൊഫ. എം. അച്യുതൻ, പ്രൊഫ. എം. തോമസ് മാത്യു, പ്രൊഫ. എം. ലീലാവതി എന്നിവർ ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. കൂടെ മറ്റൊരു മാഷുമുു് ഈ സംഘത്തിൽ. യാത്രക്കാരുടെ ടി ക്കറ്റ് പരിശോധിക്കാൻ വന്ന ഉദ്യോഗസ്ഥൻ കമ്പാർട്ട്മെന്റിലെ ഇടനാഴിയിൽ കൂനിക്കൂടിയിരിക്കുകയായിരുന്ന ഒരു വൃദ്ധയാചകനെ ബൂട്ടിട്ട കാലുകൊ് ആഞ്ഞു ചവിട്ടി മലർത്തിക്കൊ് പറഞ്ഞു. ''പോ, പോ വെളിയിൽ.''

തൊട്ടടുത്ത നിമിഷത്തിൽ ഈർക്കിൽ ശരീരമുള്ള, ജുബ്ബായിട്ട മാഷ് കുതിച്ചെഴുന്നേറ്റ് ശൗര്യത്തോടെ ടിക്കറ്റ് ഇൻസ്പെക്ടറുടെ കോട്ടിന്റെ കോളറിൽ പിടിച്ചുകൊ് പറഞ്ഞു. ''അരുത്! നിങ്ങൾക്ക് ടിക്കറ്റ് പരിശോധിക്കാം പിടിച്ചിറക്കാം, ലോക്കപ്പിലടയ്ക്കാം, പക്ഷേ ആരെയും ചവിട്ടുവാൻ അധികാരമില്ല. വിശേഷിച്ചും നിങ്ങളുടെ അച്ഛന്റെ പ്രാ യമുള്ള ഒരാളെ! തെറ്റിന് ക്ഷമ പറഞ്ഞേ തീരൂ!''

രംഗത്തു നിന്ന് ഒഴിഞ്ഞുമാറാൻ ഇൻസ്പെക്ടർ ശ്രമിച്ചെങ്കിലും അന്തരീക്ഷം പന്തിയല്ലെന്നു ക് അയാൾ അവശനോട് ക്ഷമ പറഞ്ഞ് തടിതപ്പി. അത്രയും പേർ ഉായിരുന്ന ആ കമ്പാർട്ട്മെന്റിൽ ഇങ്ങനെ ഇടപെടാൻ ഈ മാഷൊരാൾ മാത്രമേ മുതിർന്നുള്ളൂ. അതാരായിരുന്നുവെന്ന് വായനക്കാരോട് പറയേതില്ലല്ലോ, സാക്ഷാൽ ഡോ. സുകുമാർ അഴീക്കോട് മാഷ്. ധർമ്മമാണ് ബലം. അതിന്റെ കൂട്ടുങ്കിൽ ഏത് പരാക്രമിയെയും ഏത് ബലഹീനനും നേരിടാം എന്ന പാഠം ഇത് നൽകുന്നു. ആചരിച്ച് കാണിച്ച് ധർമ്മമെന്തെന്ന് പഠിപ്പിക്കുന്ന ആളാണ് യഥാർത്ഥ ആചാര്യൻ. അങ്ങനെയുള്ള ആചര്യന്മാരെക്കുറിച്ചാണ് ആചാര്യ ദേവോ ഭവഃ എന്ന് ഭാരതം കരുതുന്നത്.

അക്ഷരോപാസനയിലൂടെ ആത്മീയതയുടെ ആഴങ്ങൾ തേടിയ എഴുത്തുകാരനും നിരൂപകനും പ്രസംഗകനും മനുഷ്യസ്നേഹിയുമായിരുന്നു ജനുവരി 24 വ്യാഴാഴ്ച അന്തരിച്ച ഡോ. സുകുമാർ അഴീക്കോട്. കേരളം കഉജ്ജ്വല വാഗ്മി. അതുല്യ പ്രതിഭ. ഒരു വിവരണത്തിലൂടെയും പൂർണ്ണമായി പറയുവാനാവാത്ത ബഹുമുഖ വ്യക്തിത്വം. പ്രസം ഗം ജീവിതമാക്കിയ ആൾ. എഴുത്തുകാരൻ, ചിന്തകൻ, ക്രിക്കറ്റ് പ്രേമി, കലാസ്വാദകൻ, ഉത്തമ ഗാന്ധിയൻ.... ഇതിനൊക്കെ പുറമേ നാവു പടവാളാക്കിയ സാമൂഹിക വിമർശകൻ, മനുഷ്യപ്പറ്റോടുകൂടി പൊതു പ്രശ്നങ്ങളോട് പ്രതികരിച്ചവൻ, അധർമ്മത്തിനും അനീതിക്കും എതിരേ എപ്പോഴും കണ്ണിൽ എണ്ണയുമൊഴിച്ച് ജാഗരൂകനായി ഇരുന്നയാൾ. ഇതൊക്കെ അഴീക്കോടിന്റെ 'ഏകദേശ' ചിത്രം മാത്രം. മുല്ലപ്പെരിയാറായാലും മൂന്നാറായാലും ലാവ്‌ലിൻ ആയാലും സ്പെക്ട്രം ആയാലും അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ കാഴ്ചപ്പാടു്, അഭിപ്രായമു്. അഴീക്കോടിനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് കേരളീയരിൽ ബഹുഭൂരിപക്ഷവും എന്നതിന് തർക്കമില്ല. അദ്ദേഹത്തിന്റെ ചില വിമർശനങ്ങളോട് വിയോജിപ്പുള്ളവരും ഉള്ളിൽ അദ്ദേഹത്തോട് എന്നും ആദരവ് പുലർത്തിയിരുന്നു. ''അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ'' എന്നു പറഞ്ഞതുപോലെ കരുണാകരൻ മുതൽ അച്യുതാനന്ദൻ വരെ, ജയലളിത മുതൽ സോണിയാഗാന്ധി വരെ അദ്ദേഹത്തിന്റെ വാഗ്ശരമേറ്റു പുളഞ്ഞിട്ടു്. പതിനഞ്ച് ഭാഷകൾ വരെ അറിയാമായിരുന്ന പണ്ഡിതനായ അന്തരിച്ച മുൻ പ്രധാനമന്ത്രി നരസിംഹറാവുവിനെപ്പറ്റി ഒരിക്കൽ അഴീക്കോട് പറ ഞ്ഞു.

## ഗിലയാദ് വയോഭവൻ ഉദ്ഘാടനം ചെയ്തു

വടകര പള്ളിയുടെ സമീപത്തായി ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഗിലയാദ് വയോഭവന്റെ പുതിയ മന്ദിരത്തിന്റെ കൂദാശയും ഉദ്ഘാടനവും 2012 മെയ് 19-ാം തീയതി നടന്നു. ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് കൂദാശ നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ബഹു. കേരളാ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. അനൂപ് ജേക്കബ് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ഏലിയാസ് ചെറുകാട്ട്, ഫാ. എബ്രഹാം കാരാമ്മേൽ, ഫാ. ജോൺ വി. ജോൺ, ത്രിതല പഞ്ചായത്ത് അംഗങ്ങളായ ജോസഫ് ബാബു, ആഷ സനൽ, റോയി അബ്രഹാം, അഡ്വ. സീന ജോൺസൺ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. മാനേജിംഗ് ട്രസ്റ്റി ഫാ. ഏലിയാസ് മണ്ണാത്തിക്കുളം റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. സൈമൺ വർഗീസ് സ്വാഗതവും ഫാ. ജോയ് കടുകുംമാക്കിൽ കൃതജ്ഞതയും അർപ്പിച്ചു.

ഏകദേശം 6000 ചതുരശ്രയടി വിസ്താരത്തിൽ 40 പേർക്ക് താമസിക്കാവുന്ന വിധത്തിലാണ് വയോഭവന്റെ നിർമ്മാണം. സാമ്പത്തികശേഷിയില്ലാത്ത വൃദ്ധജനങ്ങൾക്കുവേിയാണിത് പ്രധാനമായും പണികഴിപ്പിച്ചിരിക്കുന്നത്. ധ്യാനകേന്ദ്രത്തിന്റെ സ്ഥാപകനായ ഫാ. ജേക്കബ് കളപ്പുരയ്ക്കലിന്റെ അഭിലാഷ സാക്ഷാത്കാരമാണ് ഈ പ്രസ്ഥാനത്തിന്റെ സ്ഥാപനത്തിലൂടെ നടന്നിരിക്കുന്നത്. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെയും ഫാ. ഏലിയസ് മണ്ണാത്തിക്കുള ത്തിന്റെയും നേതൃത്വത്തിലുള്ള ഒരു ചാരിറ്റി ട്രസ്റ്റാണ് ഇതിന്റെ ഭരണം നിർവ്വഹിക്കുന്നത്. ഫോൺ. ഓഫീസ്: 0485-2253781

"പ്രധാനമന്ത്രിക്ക് 15 ഭാഷകൾ അറിയാം. അറിഞ്ഞുകൂടാത്തത് പതിനാ റാമത്തെ ഭാഷയായ ജനങ്ങളുടെ ഭാഷ യാണ്."

ചില വിഷയങ്ങളിൽ അഴീക്കോട് എന്തുപറയുന്നുവെന്നതിന് ജനം കാതോർത്തിരുന്നു. പലപ്പോഴും വിവാദങ്ങളുടെ തോഴനുമായിരുന്നു. യോഹന്നാൻ സ്നാപകനെപ്പോലെ പറയാനുള്ളത് വെ ട്ടിത്തുറന്ന് പറയാനുള്ള ആർജ്ജവത്വ വും ആണത്തവും അദ്ദേഹം കാണിച്ചി രുന്നു.

ഉപനിഷത്തുക്കളിലും വേദങ്ങളിലും അഗാധമായ ജ്ഞാനം ഉായിരുന്ന അഴീക്കോട് ക്ഷേത്രങ്ങളിൽ ആരാധനക്ക് പോകുന്ന പതിവ് ഇല്ലായിരുന്നു. എന്നാൽ 'തത്ത്വമസി'എന്ന മഹദ് ഗ്രന്ഥത്തിന് ലഭിക്കാത്ത അവാർഡുകളില്ല.

1981 ൽ രൂപീകരിച്ച 'നവഭാരതവേദി'യുടെ ആദ്യത്തെ പ്രസിഡന്റ് അഴീക്കോട് ആയിരുന്നു. സമൂഹത്തിൽ ഒരു ചലനം സൃഷ്ടിക്കുവാൻ ഈ സംഘടനയ്ക്കായി.

മതത്തിന് അതീതമായ ഒരു ആത്മീയതയാണ് അദ്ദേഹത്തിനുായിരുന്നത്. അഴീക്കോട് ഒരിക്കലും സഭയ്ക്കോ മതമേലദ്ധ്യക്ഷന്മാർക്കോ എതിരായിരുന്നില്ല. ബിഷപ്പുമാരെ വിമർശിച്ചിട്ടുങ്കെിലും മാഷിന് ആരോടും വിരോധമുായിരുന്നില്ല. ചില നിലപാടുകളിൽ ഉള്ള എതിർപ്പ് മൂലമാണ് സഭാവിരോധിയായി ചിലർ ചിത്രീകരിക്കാനിടയായത്.

'ക്രിസ്തു ഭാഗവതം' മഹാകാവ്യം രചിച്ച അന്തരിച്ച മഹാകവി പ്രൊഫ. പ ി.സി. ദേവസ്യയെ അഴീക്കോട് ആദരിച്ചിരുന്നു. അതിലെ സംസ്കൃതത്തിലുള്ള 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർ ത്ഥന പാടിക്കേൾക്കാൻ അദ്ദേഹം മരണക്കിടക്കയിലും ആഗ്രഹം പ്രകടിപ്പിച്ചു. കത്തോലിക്കാ സഭയിലെ കാഞ്ഞിരപ്പിള്ളി രൂപതയിലെ ഫാ. ജോർജ് ആ ശുപത്രിയിലെത്തി അത് പാടിക്കേൾപ്പിക്കുകയുായി.

അഴീക്കോടിന്റെ പ്രഭാഷണ ത്തെ 'സാഗരഗർജ്ജനം'എന്ന് ആദ്യം വിശേഷിപ്പിച്ചത് മണ്ണിന്റെ മണമുള്ള എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീർ ആണ്. മലയാളമനോരമ ജനുവരി 25 ലെ പത്രത്തിന്റെ തലക്കെട്ട് 'സാഗരം ഉറക്കമായി' എന്നായിരുന്നു. പ്രസംഗകലയു ടെ സൗന്ദര്യമായിരുന്ന അദ്ദേഹത്തിന്റെ വേർ പാട് മറ്റൊരു പത്രം റിപ്പോർട്ട് ചെ യ്തത് 'അഴീക്കോട് വേദിവിട്ടു' എന്നാണ്. രോഗക്കിടക്കയിലെ കടുത്ത വേദനയ്ക്കിടയിലും ചെയ്യാമെന്ന് നേരത്തേ ഏറ്റിരുന്ന പ്രഭാഷണങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ചിന്ത എന്ന് സന്ദർശകർ പറയുന്നു.

മലങ്കര ഓർത്തഡോക്സ് സഭയു ടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്നു എന്നും അദ്ദേഹം സഭയുടെ യുവജനപ്രസ്ഥാനം, വാർഷി കസമ്മേളനങ്ങൾ, എം.ജി.ഒ.സി.എസ്.എം. കോൺഫ്രൻസുകൾ, ത്രൈ വാർഷിക വൈദീക സമ്മേളനങ്ങൾ, പഴയ സെമിനാരിയിലെ മീറ്റിംഗുകൾ, പരുമലയിലെ സാംസ്ക്കാരിക സമ്മേളനങ്ങൾ തുടങ്ങി പലവേളകളിലും അദ്ദേഹം സംബന്ധിച്ച് പ്രസംഗിച്ചിട്ടു്. പരി. പരുമല തിരുമേന ിയെ പരുമല തിരുമേനി-പരിമളം പരത്തുന്ന തിരുമേനി എന്നാദ്യം വിശേഷിപ്പിച്ച സാഹിത്യകാരൻ അഴീക്കോട് മാഷാണ്. കല്യാണസൗഗന്ധിക പുഷ്പത്തിൽ ആകൃഷ്ടയായ പാഞ്ചാലിക്കു വേി ഭീമസേനൻ എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് സുഗന്ധത്തി ന്റെ ഉറവിടത്തിലേയ്ക്ക് പുറപ്പെടുന്നതുപോലെ പരുമലയിലെ പരിമളം-സുഗന്ധം തേടി അനേകർ ആ കബറിടത്തിലേയ്ക്ക് എത്തുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പരുമല തിരുമേനി രചിച്ച ഊർ ശ്ലേം യാത്രാവിവരണത്തിലെ പല പദപ്രയോഗങ്ങളെയും അദ്ദഹം പ്രശംസിച്ചിട്ടു്. 'ഊർശ്ലേം യാത്രാവിവരണ'മാണ് മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യ ത്തെ യാത്രവിവരണമെന്ന എഴുത്തുകാരൻ പോൾ മണലിലിന്റെ ഗവേഷണത്തോട് അഴീക്കോട് യോജിച്ചിരു ന്നതായാണ് പ്രസംഗങ്ങളിൽ തോന്നിയിട്ടുള്ളത്. 'നിലയ്ക്കൽ-നിലയ്ക്കരുത്' എന്ന ലേഖനത്തിൽ പരി. മാത്യൂസ് ദ്വിതീയൻ ബാവായുടെ നിലപാടുകളെ പ്രകീർത്തിച്ചിട്ടു്.

ജീവിതത്തിന്റെ അവസാന ഒന്നര മാസത്തെ ആശുപത്രിവാസം സമ്പൂർണ്ണമായ അനുരഞ്ജനത്തിന്റെയും ആത്മ വിമലീകരണത്തിന്റേതുമായിരുന്നു. ചി കിത്സിച്ചിരുന്ന ഡോക്ടർമാർക്ക് പുറമേ അനേകം വൈദീകരും പരിചരിച്ച സി സ്റ്റേഴ്സുമൊക്കെ മലയാളത്തിന്റെ ഗുരുവര്യന് സ്നേഹനിർഭരമായ ഒരു ഭവനാന്തരീക്ഷം തന്നെ ഒരുക്കി. അവ ിരാമമായ പ്രസംഗങ്ങളിലൂടെയും എഴുത്തിലൂടെയും ഒട്ടനവധി ആരാധകരോടൊ പ്പം ചുരുക്കം ചില ശത്രുക്കളെയും അദ്ദേഹം സൃഷ്ടിച്ചിരുന്നു. വെള്ളാപ്പിള്ളി, ടി. പത്മനാഭൻ, മോഹൻ ലാൽ..... പക്ഷെ തൃശൂർ അമലഗിരി ആശുപത്രിയിലെ ത്തി ഇവരെല്ലാം അഴീക്കോടിനെ കു. അവിടത്തെ ആ സ്നേഹമുറ്റത്ത് മാഷി ന്റെ ചിരകാല വൈരികൾ പോലും വന്നുനിന്ന് കണ്ണീരൊഴുക്കിയത് കേരളനാട് അ ത്ഭുതാദരവുകളോടെയാണ് കത്. അ ഴീക്കോട് അവരോടും രമ്യപ്പെട്ടു. കേസുകൾ പിൻവലിക്കപ്പെട്ടു. മാഷിന്റെ പ്രത്യേ ക സ്വഭാവം മൂലം പിണങ്ങിയ സാഹിത്യകാരന്മാരൊക്കെയും അദ്ദേഹത്തിന്റെ രോഗശയ്യയിലെത്തി സൗഹൃദത്തിലായി. പ്രമുഖർ ഉൾപ്പെടെ വന്ന് അനുരഞ്ജനപ്പെട്ടു. അദ്ദേഹവും എല്ലാവരോടും ക്ഷമിച്ചാണ് യാത്രയായത്. അങ്ങനെ അഴീക്കോടിന്റെ മരണക്കിടക്കയും മഹത്തരമായി. ആ കിടക്കയും നമ്മോട് നിശബ്ദമായി പ്രസംഗിക്കുന്നു. "നിങ്ങ ളുടെ കോപത്തിനുമേൽ സൂര്യൻ അസ് തമിക്കാനിടയാകരുത്."

തന്റെ തൂലികത്തുമ്പിലൂടെയും നാവിൻതുമ്പിലൂടെയും ഒരുപോലെ അക്ഷരജ്വാലകൾ തെളിയിച്ച മാനവജാ

## ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ ഷഷ്ട്യബ്ദിപൂർത്തി ആഘോഷം

ഷഷ്ട്യബ്ദിപൂർത്തിയോടനുബന്ധിച്ച് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ജന്മദിനദിവസമായ ജൂൺ 28 വ്യാഴാഴ്ച രാവിലെ 8 ന് അഭി. തിരുമേനി കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിക്കും. വി. കുർബ്ബാനയെത്തുടർന്ന് ജന്മദിനസ്തോത്ര പ്രാർത്ഥനയും ഷഷ്ട്യബ്ദിപൂർത്തി സമ്മേളനവും നടക്കും. പ്രസ്തുത സമ്മേളനത്തിൽ മത-രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും.

*ശുദ്ധിപത്രം*

# ‘പൗലോസ് ശ്ലീഹാ ധന്യൻ..........’

**വി.പി.**

നമ്മുടെ ആരാധനാക്രമങ്ങളുടെ പല ഭാഗങ്ങളും അർത്ഥം ഗ്രഹിക്കാതെയും തെറ്റായിട്ടും ചൊല്ലി കേൾക്കാറു്. ഗീതങ്ങളിലാണ് അധികവും ഇത് സംഭവിക്കുന്നത്. അവയുടെ ഈണവും താളവും ഗാനാത്മകതയും ഗദ്യത്തെ അപേക്ഷിച്ച് വേഗം അവ ഹൃദിസ്ഥമാക്കുവാൻ സഹായകമാകുന്നു. അതുകൊ് പള്ളിയിലെ ആരാധനയിൽ പതിവായി പങ്കെടുക്കുന്ന കുട്ടികൾ ഗദ്യരൂപത്തിലുള്ള പ്രതിവാക്യങ്ങളേക്കാൾ എളുപ്പത്തിൽ വി. കുർബ്ബാന ക്രമത്തിലെ ഗീതങ്ങൾ മനഃപാഠമാക്കുന്നു. കേട്ട് പഠിക്കുന്നതുകൊും ചിലപ്പോൾ തെറ്റായിത്തന്നെ കേൾക്കുന്നതുകൊും പലപ്പോഴും അവർക്ക് തെറ്റുപിണയാം. മനഃപാഠമാക്കിയ ഈ ഗീതങ്ങൾ പിന്നീട് പുസ്തകം പരിശോധിച്ച് തിരുത്താനൊന്നും അവർ മെനക്കടാറില്ല. ഇങ്ങനെ തെറ്റുകൾ തുടരുന്നു! തലമുറകളായി പോലും. ഇത് തിരുത്തി, ആരാധന അർത്ഥമറിഞ്ഞും തെറ്റുകൂടാതെയും നിർവ്വഹിക്കുന്നതിന് സഹായിക്കുന്നതിനാണ് ഈ പംക്തി ലക്ഷ്യം വഹിക്കുന്നത്. ശ്രദ്ധിച്ച് വായിക്കുക. മാന്യ വായനക്കാർ വിമർശനങ്ങളും കൂടുതൽ വിവരങ്ങളും നൽകി സഹകരിക്കുക.

കഴിഞ്ഞ ദിവസം മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്ന കോളേജ് വിദ്യാർത്ഥിയുമായി സംസാരിക്കുന്നതിനിടയിൽ “പൗലോസ് ശ്ലീഹാ ധന്യൻ.....” എന്നു തുടങ്ങുന്ന ഗീതത്തിന്റെ അർത്ഥം വിശദീകരിക്കേ സന്ദർഭം എനിക്കുായി. വിവരണം കേട്ടുകഴിഞ്ഞപ്പോൾ അതുവരെ അർത്ഥം വേവിധം ഗ്രഹിച്ചല്ല ആ ഗീതം ചൊല്ലിക്കൊിരുന്നതെന്ന് അയാൾ തുറന്ന് സമ്മതിച്ചു. സത്യത്തിൽ ഈ സംഭവമാണ് ഇപ്രകാരം ഒരു പംക്തി ആരംഭിക്കുവാൻ പ്രചോദനമായത്. അതുകൊ് ആ ഗീതത്തിൽ തന്നെ ഈ പരമ്പരയ്ക്ക് നാന്ദി കുറിക്കുന്നു.

ഗലാത്യലേഖനം 1-ാം അദ്ധ്യായം 1 മുതൽ 10 വരെ വാക്യങ്ങളെ ആസ്പദിച്ചാണ് ഈ ഗീതം രചിച്ചിട്ടുള്ളത്. ‘പൗലോസ് ശ്ലീഹാ ധന്യൻ ചൊല്കട്ടെ.....-നിതേവം എന്നാണ് ആദ്യവരി. പലരും ചൊല്ലുക. പൗലോ സ് ശ്ലീഹാ ധന്യൻ ചൊൽകേട്ടേൻ. ഇത് ഏവം.’ എന്നാണ് ശരിയായി വിഗ്രഹിച്ച രൂപം. ധന്യനായ പൗലസ് ശ്ലീഹായുടെ ഇപ്രകാരമുള്ള ചൊല്ല് (പ്രസ്താവന) ഞാൻ കേട്ടു എന്നാണതിന്റെ അർത്ഥം. ‘ചൊൽകേട്ടേൻ ഇതേവം’ എന്ന് വ്യക്തമായി ചൊ ല്ലാൻ ശ്രദ്ധിക്കേതാണ്.


‘നിങ്ങളെ ഞങ്ങളറിയിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേല്ക്കും സഭയിൻ ശാപം’

എന്നത് പൗലോസ് ശ്ലീഹായുടെ പ്രസ്താവന ഉദ്ധരിച്ചിരിക്കുന്നതാണ്. ഇവിടെ ഞങ്ങൾ എന്നാൽ ശ്ലീഹ ന്മാർ എന്നും നിങ്ങളെ എന്നാൽ ഗലാത്യരെ (ക്രിസ്തുവിശ്വാസികളെ) എ ന്നും ഗ്രഹിക്കണം. ഞങ്ങൾ നിങ്ങളെ അറിയിച്ചവ ഒഴികെ മറ്റേതെങ്കിലും കാര്യങ്ങൾ ഈ ലോകത്തിൽ മറ്റാരെങ്കിലും നിങ്ങളെ പഠിപ്പിച്ചാൽ സ്വർഗ്ഗവാസിയായ മാലാഖയാണെങ്കിൽ പോലും അയാൾ സഭയുടെ ശാപമേൽക്കും എന്നാണ് ഈ ഭാഗത്തിന്റെ അർത്ഥം. ‘സഭയിൽ’ എന്നല്ല ‘സഭയിൻ’ (സഭയുടെ) എന്നാണെന്ന് ശ്ര ദ്ധിക്കണം.

‘പലതരമുപദേശങ്ങളഹോ........ ധന്യൻ.’

വിവിധ തരത്തിലുള്ള ഉപദേശങ്ങൾ ഭൂമിയിൽ രൂപംകൊ് ജനങ്ങൾക്കിടയിൽ വ്യാപിക്കുന്നു്. എന്നാൽ ഞങ്ങൾ നൽകുന്ന ദൈവോപദേശം ആദ്യന്തം പാലിച്ച് ജീവിക്കുന്നവർ മാത്രം ധന്യരായിത്തീരുന്നു എന്നാണ് ഈ വരികളുടെ അർത്ഥം. ഈ ഗീതം ചൊല്ലുമ്പോഴെല്ലാം അർ ത്ഥം ദ്യോതിക്കത്തക്കവിധം സ്ഖലിതങ്ങൾ ഒഴിവാക്കി സ്ഫുടതയോടെ, നല്ല ശബ്ദത്തിലും ഈണത്തിലും ആലപിക്കുവാൻ ശ്രദ്ധിക്കുക. ‘നിങ്ങ ളെ ഞങ്ങളറിയിച്ചവയി- ന്നെതിരായാരാനും ചൊന്നാൽ’ എന്ന മാറ്റം ഗീത

## കശ്ശീശാ പട്ടം സ്വീകരിച്ചു



കൂത്താട്ടുകുളം : വടകര സെയ്ന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ ഇലപ്രയിൽ പരേതരായ സ്കറിയ-ഏലമ്മ ദമ്പതികളുടെ പുത്രൻ പൗലോസ് ശെമ്മാശൻ കനാട് (ഈസ്റ്റ്) ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്ന് കശ്ശീശാ പട്ടം സ്വീകരിച്ചു. 2012 മെയ് 19-ാം തീയതി ശനിയാഴ്ച പാമ്പാക്കുടയിലെ സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിനോട് അനുബന്ധിച്ചുള്ള സെന്റ് മേരീസ് ചാപ്പലിൽ രാവിലെ 7.30 ന് ആരംഭിച്ച വി. കുർബ്ബാന മദ്ധ്യേ ആയിരുന്നു പട്ടംകൊട. ശുശ്രൂഷകൾക്ക് ശേഷം ചേർന്ന പൊതു സമ്മേളനത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ഫാ. മേരീദാസ് സ്റ്റീഫൻ, ഫാ. ഏലിയാസ് മണ്ണാത്തിക്കുളം, വടകര പള്ളി വികാരി ഫാ. ജോയി കടുകും മാക്കിൽ, ഫാ. മാത്യൂസ് ചെമ്മനാപ്പാടം മുതലായവർ നവാഭിഷിക്തന് അനുമോദനങ്ങളും ആശംസകളും നേർന്നു. ബഹു. പൗലോസച്ചൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

*വേദപുസ്തക പഠനം*:
വി. മർക്കോസ് 5:1-20

# രക്ഷ: സ്വയം കത്തെലാണ്

ഡോ. തോമസ് അത്താനാസ്യോസ്

**ഈ** വേദഭാഗത്ത് യേശു അശുദ്ധാത്മാവ് ബാധിച്ച ഒരുവനെ സുഖപ്പെടുത്തിയതിന്റെ വിവരണമാണ്. ഗലീലിയായിലെ ശുശ്രൂഷാവേളയിലാണ് യേശു അവന് സൗഖ്യം നൽകുന്നത്. യോർദ്ദാൻ നദിക്ക് കിഴക്കു ള്ള ദെക്കപ്പൊലി പ്രദേശത്തുള്ള ഗരസേദ്യയാണ് സംഭവ പശ്ചാത്തലം. തൊട്ടടുത്തുള്ള ഗദാറായിൽ ഇത് നടന്നതായിട്ടാണ് വി. മത്തായിയുടെ വിവരണം. പടകിൽ നിന്നിറങ്ങിയ യേശുവിനെയും ശിഷ്യന്മാരെയും ആ ഭൂതഗ്രസ്തൻ എതിരേൽക്കുന്നതോടെയാണ് സംഭവവിവരണം ആ രംഭിക്കുന്നത്.

അശുദ്ധാത്മാവ് ബാധിച്ച ആ മനുഷ്യൻ യേശുവിനെ സമീപിക്കുന്നു. കൊടും ഭീകരനായ ഒരു വ്യക്തിയായിട്ടാണ് സുവിശേഷകൻ അയാ ളെ അവതരിപ്പിക്കുന്നത്. മലമ്പ്രദേശത്തെ കല്ലറകളിലായിരുന്നു അവ ന്റെ വാസം. യാതൊരുവിധ നിയന്ത്രണത്തിനും വിധേയനല്ല അയാൾ. ചങ്ങലകൾ പൊട്ടിച്ചും വിലങ്ങ് തകർ ത്തും സ്വതന്ത്രനായി ഉറക്കെ കര ഞ്ഞും കൂകിവിളിച്ചും ആ പ്രദേശത്താകെ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് സകലരിലും ഭയം ജനിപ്പിച്ചിരുന്നു. അവൻ കല്ലുകൊ് സ്വയം മുറിവേല്പിച്ച് ഇടവിടാതെ അലറി നിലവിളിച്ചുകൊ് നടന്നു. അവൻ യേശുവി നെ ദൂരെ നിന്ന് കിട്ടാണ് അവനെ എതിരേൽക്കുവാൻ ഓടിയെത്തിയത്.

ഈ മനുഷ്യന്റെ പ്രകൃതം സാധാരണ മനുഷ്യരുടേതിൽ നിന്ന് തികച്ചും ഭിന്നവും വിരുദ്ധവുമാണ്. ശവക്കല്ലറകളിൽ അന്തിയുറങ്ങാൻ ആരും ആഗ്രഹിക്കാറില്ല. അവിടെയായിരുന്നു അയാളുടെ വാസം. മൃതശരീരഭാഗങ്ങൾ മാന്തിയെടുത്തായിരു ന്നിരിക്കണം അയാൾ ഭക്ഷിച്ചിരുന്ന ത്. സ്വന്തം ശരീരത്തെ അവൻ കല്ലു കൊ് ഇടിച്ചു ചതച്ച് മുറിപ്പെടുത്തി ക്കൊിരുന്നു. വേദനയില്ല, ഭയമില്ല, മാനുഷീക വികാരവിചാരങ്ങളൊന്നുമില്ല. ദൈവസൃഷ്ടിയായ മനുഷ്യന്റെ ഏറ്റവും ദൈന്യവും അഭിശപ്തവുമായ ദുരവസ്ഥയുടെ പ്രതീകമായിരുന്നു അയാൾ.

ദുരാത്മ ബാധിതനായ ആ മനുഷ്യന് സ്വന്തം പേരുപോലും അറിയില്ല. സ്വന്തം പേരു മറന്ന് വിചിത്രമായ മറ്റൊന്ന് പകരം പറയുക എന്നത് താനാരെന്ന ധാരണ നഷ്ടപ്പെട്ടു എന്ന വസ്തുതയാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവർ അവനിൽ ഒരു കൊടും ഭീകരനെ കാണുന്നു. എ ങ്കിലും അവന് അവനിൽ ഒരു അസാ ധാരണത്വവും കാണാൻ കഴിയുന്നില്ല. അവൻ ആയിരിക്കേ നിലയിൽ അല്ല എന്നത് അവൻ തിരിച്ചറിയുന്നില്ല. മനുഷ്യൻ മാറുന്നതിന് ഒരതിർത്തിയുമില്ലെന്ന് ഇത് വെളിപ്പെടുത്തുന്നു.

സ്വന്തം സ്വത്വവും നിയോഗവും തിരിച്ചറിയാത്ത മനുഷ്യൻ സ്വയം നശിക്കുന്നു. എന്നു മാത്രമല്ല, സമൂഹത്തിനാകെ ഭീഷണിയും ദുർമാതൃകയുമായി മാറുകയും ചെയ്യുന്നു. മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ പോലും സംഘട്ടനങ്ങളും കൊലയും വ്യാപകമാക്കുന്ന മതനേതാക്കളുടെ സാന്നിധ്യം അടുത്ത നാളുകളിൽ നാം ധാരാളം അറിഞ്ഞുകൊിരിക്കുന്നു. മതം സാത്വികതയുടെയും വിശ്വാസം സ്നേഹത്തിന്റെയും നീതിയുടെയും വിമോചനത്തിന്റെയും മേഖലയാണ്. അവിടെ അക്രമവും ഹിംസയും വ്യാപിപ്പിക്കുന്നവർ യഥാർത്ഥത്തിൽ തങ്ങളുടെ അടിസ്ഥാന സ്വത്വബോധത്തിൽ നിന്ന് അന്യപ്പെട്ടവരാണ്. അടിസ്ഥാനപരമായി മേൽപ്പറഞ്ഞ മനുഷ്യന്റെ അവസ്ഥയിലെത്തിയവരാണ് അവർ. ലോകത്തിന് സൗഖ്യം നൽകുവാനുത്തരവാദിത്തപ്പെട്ടവർ പൈശാചിക സ്വഭാവം സ്വീകരിച്ചിരിക്കുകയാണ്. മനുഷ്യൻ ദൈവരൂപ-ഛായകളിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വാസി ലോകത്ത് ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണെന്നും സഭ ദൈവരാജ്യത്തിന്റെ പ്രതിരൂപമാണെന്നുമുള്ള ധാരണ തിരുത്തി, കലാപവും അക്രമവും കൊലയും വ്യാപകമാക്കുന്നവർ അവരുടെ വിളിയിൽ നിന്നും സ്വത്വത്തിൽ നിന്നും അന്യരായ ഭൂതഗ്രസ്ഥരായി ഭവിച്ചവരാണെന്ന് തിരിച്ചറിയണം.

സ്വന്തം സ്വത്വം, നിയോഗം എന്നിവയിൽ നിന്ന് വ്യതിചലിച്ച മനുഷ്യന്റെ പ്രതീകമായിട്ടാണ് മർക്കോസ് ഈ പിശാചുബാധിതനെ അവതരിപ്പിക്കുന്നത്. താനാരാണ്, തന്റെ ജീവിതശൈലി എന്തായിരിക്കണം, ജീവിതത്തിന്റെ അർത്ഥവും പൊരുളും എന്താണ്, ഈ ലോക ജീവിതത്തിലെ തന്റെ നിയോഗമെന്ത് എന്നെല്ലാം തിരിച്ചറിയാത്ത മനുഷ്യനെയാണ് യേശു ഇവിടെ കത്തെി സൗഖ്യം നൽകുന്നത്.

ഏതാനും വർഷങ്ങൾക്കുമുമ്പ് വൈദീകനാകുവാൻ താല്പര്യമു് എന്നു പറഞ്ഞ് ഒരു ചെറുപ്പക്കാരൻ എന്റെ അടുക്കൽ വന്നു. ബിരുദധാരികൾക്കു മാത്രമേ വൈദീക പഠനത്തി ന് പ്രവേശനം ലഭിക്കൂ എന്നും അതിനാൽ അത് നേടിവന്നാൽ ആലോചിക്കാം എന്നും പറഞ്ഞ് ഞാൻ അ യാളെ മടക്കി അയച്ചു. പഠനത്തിൽ വിജയമുായില്ല. പിന്നീട്, അയാൾ വിവാഹം കഴിച്ച് സുഖദയിലെ ഒരു പ്രധാന പ്രവർത്തകനായി കഴിഞ്ഞുകൂടി. എന്റെ കോലഞ്ചേരി ഉപവാസകാലത്ത് ശുശ്രൂഷകനായി അയാൾ അവിടെ ഉായിരുന്നു. നല്ലൊരു ചെറുപ്പക്കാരനായി എനിക്ക് തോന്നുകയും ചെയ്തു. എന്നാൽ ഇവിടെ വൈദീകസ്ഥാനം കിട്ടാൻ സാധ്യതയില്ലെന്നുക അയാൾ യാക്കോബായ സഭയിൽ ചേർന്നു. ദിവസങ്ങൾ

ക്കകം വൈദീകനായി. സമാധാനമായി പോയിരുന്ന ഒരു പള്ളിയിൽ കുത്തിത്തിരിപ്പുകൾ ആരംഭിച്ചു. അടിപിടികൾക്ക് നേതൃത്വം നൽകി. പള്ളി കയ്യേറ്റത്തിന് ശ്രമം നടത്തി. സർക്കിൾ ഇൻസ്പെക്ടറെ തല്ലി. അദ്ദേഹം തിരികെ തല്ലി. കേ ായി. ജാമ്യമെടുത്ത് പുറത്തുവന്നു. ജാമ്യവ്യവസ്ഥകൾ ലംഘിച്ചതുകൊ് ജാമ്യം റദ്ദ് ചെയ്തു. സ്വന്തം വ്യക്തി-സ്വത്വബോധങ്ങളിൽനിന്ന് അന്യപ്പെടുന്ന ഒരാളിൽ സംഭവിക്കുന്ന അടിസ്ഥാന സ്വഭാവവൈകൃതങ്ങൾക്ക് ഒരുദാഹരണം ചൂിക്കാണിക്കുന്നതിനാണ് ഇക്കാര്യം ഇവിടെ കുറിച്ചത്.

ദെക്കപ്പൊലി ഗ്രീക്ക്-റോമൻ സംസ്ക്കാരങ്ങൾക്ക് സ്വാധീനമുള്ള പ്രദേശമാണ് 'ദെക്കപ്പൊലി' എന്ന പേരുപോലും ഗ്രീക്ക് പദമാണ്. 'പത്ത് പട്ടണങ്ങൾ' എന്നാണ് ഇതിന്റെ അർ ത്ഥം. യോർദ്ദാന്റെ മറുകരയിലുള്ള ഈ പട്ടണങ്ങൾ ഗ്രീക്ക് അധിനിവേശകാലത്ത് പട്ടാള-ഭരണ കേന്ദ്രങ്ങളായിരുന്നു. ക്രി. മു. 63 ൽ ഈ സിറിയൻ പ്രദേശം റോമൻ ഭരണത്തിലായി. അബില, ഗദറാ, ഗരസേദ്യ, പെല്ല, ഫിലാഡൽഫിയ, സ്കിത്തോപൊലീസ് എന്നിവയായിരുന്നു ഇവിട ത്തെ മുഖ്യ പട്ടണങ്ങൾ. ഈ സ്ഥലനാമങ്ങളെല്ലാം ഗ്രീക്ക് ഭാഷയിലാണ് എന്നത് ശ്രദ്ധേയമാണ്. നീകാലത്തെ വിദേശ ഭരണത്തിലും സാംസ്ക്കാരിക സ്വാധീനത്തിലും ആ നാട്ടിലെ ജനങ്ങൾ സ്വന്തം ഭാഷ-സംസ്ക്കാര-മതസ്വാധീനങ്ങളിൽ നിന്ന് അന്യപ്പെട്ടു. സ്വന്തം സാംസ്ക്കാരിക-മത അസ്തിത്വം നഷ്ടപ്പെട്ട സമൂഹത്തിന്റെ പ്രതിരൂപമാണ് ബൈബിൾ സംഭവത്തിലെ കഥാപാത്രം. അതുകൊ് സ്വന്തം പേരുപോലും അയാൾക്ക് വിസ്മൃതമായിപ്പോയത്. യേശു പേര് ചോദിക്കുമ്പോൾ അയാൾ പറയുന്നത് 'ലെഗിയോൻ' എന്നാണ്. 6828 സൈനീകരുടെ ഒരു വ്യൂഹത്തെയാണ് ലെഗിയോൻ എന്ന ലത്തീൻ പദം കൊ് അർത്ഥമാക്കുന്നത്. ഗ്രീക്ക്-റോമൻ സൈന്യങ്ങളുടെ ആ സ്ഥലത്തെ സാന്നിധ്യം കൊ് അയാൾക്ക് ലഭിച്ച ഒരു വാക്കാണത്. അതാണ് അയാൾ തന്റെ പേരായി പറയുന്നത്. സ്വയം ആരെന്ന് തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിയിലുള്ള മനുഷ്യരുടെ പ്രതി നിധിയാണയാൾ. സൗഖ്യം നൽകുവാനായി എത്തിയ യേശുവിനെ അയാൾ ദണ്ഡകനായിട്ടാണ് മന ിലാക്കുന്നത്. സൗഖ്യവും, പീഡനവും പോലും അയാൾക്ക് തിരിച്ചറിയാനാവുന്നില്ല. ബാഹ്യ സ്വാധീനങ്ങളുടെ ഫലമായി സ്വന്തം സ്വത്വവും നിയോഗവും മറന്ന മനുഷ്യന്റെ ഭീകരാവസ്ഥയാണിവിടെ കാണുന്നത്. അന്യായമായതിന് അടിമപ്പെട്ടതിന്റെ ആത്മീയ അന്യവത്കരണമാണ് ഈ മനുഷ്യനിൽ സംഭവിച്ചിരിക്കുന്നത്.

ശവപ്പറമ്പിൽ വസിച്ച് സ്വന്തം ശരീരത്തെ ഇടിച്ചുചതച്ച് ദണ്ഡിപ്പിച്ചും സ്വന്തം പേരുപോലും പറയാനാവാതെയും അലറിക്കരഞ്ഞും അട്ടഹസി ച്ചും ഭീകരവും പൈശാചികവുമായ ജീവിതം നയിക്കുന്ന മനുഷ്യനെയാണ് യേശു ഇവിടെ സൗഖ്യമാക്കുന്നത്.

യേശു അവന് സ്വന്തം സ്വത്വവും വ്യക്തിത്വവും വീടെുത്ത് നൽകുന്നു. അതോടെ അവൻ സൗമ്യനും സന്തോഷവാനുമായി മാറി. കുളിച്ച് ശുദ്ധനായി നല്ല വസ്ത്രം ധരിച്ച് യേശുവിനൊപ്പം നിൽക്കുന്നു. പിന്നീട് അവൻ ക്രിസ്തുസാക്ഷിയായി ദെ ക്കപ്പൊലി നാട്ടിൽ സഞ്ചരിച്ച് തന്റെ വിടുതലിന്റെ ചരിത്രം പ്രഘോഷിക്കുന്നു. ഇവിടെ ആ മനുഷ്യൻ ക്രിസ്തു ബന്ധത്തിൽ സ്വന്തം വ്യക്തിത്വവും നിയോഗവും കത്തി സൗഖ്യം പ്രാപിക്കുന്ന ചിത്രമാണ് തെളിയുന്നത്. അടിമപ്പെടുത്തുന്ന അന്യ സ്വാധീനങ്ങളിൽ നിന്ന് സ്വതന്ത്രനായി, താൻ ആരെന്നും തന്റെ വിളി എന്താണെ ന്നും തിരിച്ചറിഞ്ഞ് അതിനോട് താ ദാത്മ്യം പ്രാപിക്കുമ്പോൾ മനുഷ്യൻ രക്ഷയിൽ വരുന്നു. മനുഷ്യന്റെ സ്വത്വം നഷ്ടമാക്കുന്നത് അന്യ സംസ്ക്കാരമാകാം, പ്രത്യയശാസ്ത്രമാകാം, വികലമായ മതബോധവും വിശ്വാസങ്ങളുമാകാം. സ്വയം തിരിച്ചറിവിലേക്കും ദൗത്യബോധത്തിലേക്കുമുള്ള തിരികെയെത്തലാണ് രക്ഷ. അത് മനുഷ്യരുടെ ജീവിതത്തിന് അർത്ഥവും ഈടും നൽകി നിത്യജീവന് അവരെ അർഹരാക്കുന്നു എന്നതാണ് ഈ വേദഭാഗം നൽകുന്ന സൂചന. ആഗോളവത്കരണത്തിന്റെയും, കമ്പോള സാമ്പത്തീക വ്യവസ്ഥിതിയുടെയും, അവ പ്രചരിപ്പിക്കുന്ന പുതിയ സാമ്പത്തിക-സാമൂഹ്യ-സംസ്കാരത്തിന്റെയും-മൂല്യങ്ങളുടെയും ഫലമായി ധാരാളം പേർ സ്വന്തം സംസ്കാരത്തിൽ നിന്നും, ജീവിത-ആത്മീയ പാരമ്പര്യങ്ങളിൽ നിന്നും അന്യത അനുഭവിക്കുന്നു. എങ്കിലും തങ്ങളിൽ സംഭവിച്ചിരിക്കുന്ന തകർച്ച മനുഷ്യൻ മന ിലാക്കാതെ ഈ കഥയിലെ ഭൂതഗ്രസ്തന്റെ സ്ഥാനത്താണ് നിൽക്കുന്നത്. അധമവികാരങ്ങൾ, നിഷേധ ചിന്തകൾ, ഛിദ്രവാസനകൾ, ദുഃസ്വാധീ

## ആശുപത്രി ദിനാഘോഷം

വടകര: സന്തുല ചാരിറ്റബിൾ ട്രസ്റ്റിന്റെ അദ്ധ്യക്ഷൻ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ജന്മദിനമായ ജൂൺ 28 ആണ് സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ ഡേ ആയി ആുതോറും ആഘോഷിച്ചു വരുന്നത്. ഈ വർഷം അതിന് തിരുമേനിയുടെ ഷഷ്ട്യബ്ദി പൂർത്തി ദിവസമാണെന്ന പ്രത്യേ ക പ്രാധാന്യം കൂടി ു്. ആശുപത്രിദിനാഘോഷം 2012 ജൂൺ 28-ാം തീയതി വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ആശുപത്രി ഓഡിറ്റോറിയത്തിൽ ആരംഭി ക്കും. സന്തുല ട്രസ്റ്റ് അംഗങ്ങൾ, അവരുടെ കുടുംബാംഗങ്ങൾ, സന്തുല മെഡിക്കൽ സ്റ്റാഫ്, അവരുടെ കുടുംബാംഗങ്ങൾ, മറ്റ് ജീവനക്കാർ, സന്തുലയുടെ സുഹൃത്തുക്കൾ, അന്തേവാസികൾ എ ന്നിവർ സമ്മേളനത്തിൽ പങ്കുചേരും. ആശുപത്രി ജീവനക്കാരും അവരുടെ കുട്ടികളും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ ആഘോഷങ്ങൾ അവിസ്മരണീയമാക്കും. അത്താഴവിരുന്നോടെ ആഘോഷപരിപാടികൾ സമാപിക്കും.

വേദാന്തം

# ഈശ്വരൻ സർവ്വാന്തർയാമി

(തുടർച്ച)

സ്വാമി വിവേകാനന്ദൻ

ആഗ്രഹങ്ങൾ തെറ്റാണെന്ന് നമുക്കറിയാം. അവയെ ത്യജിക്കുക എന്ന് പറയുന്നതിന്റെ അർത്ഥമെന്ത്? അവയില്ലാതെ ജീവിതം എങ്ങനെ നടക്കും? ആഗ്രഹങ്ങളെ നശിപ്പിക്കുന്നതോടുകൂടി ആഗ്രഹിക്കുന്ന ആളെയും നശിപ്പിക്കുക, ആത്മഹത്യ ചെയ്യാൻ ഉപദേശിക്കുക എന്നർത്ഥമാകുകയില്ലേ? അതിന്റെ വഴി ഇങ്ങനെയാണ്. സ്വത്തുായിരിക്കരുത് എന്നല്ല, ആവശ്യമായ സാധനങ്ങൾ ഉായിരിക്കരുത് എന്നല്ല, അതിസുഖവസ് തുക്കൾ എങ്കിലും ഉായിരിക്കരുത് എന്നുമല്ല. നിങ്ങൾക്ക് വേതൊക്കെയും അതിലധികലും ഉായിരുന്നുകൊള്ളട്ടെ. അതിന്റെ സാക്ഷാൽ സ്വഭാവം അറിഞ്ഞ് സാക്ഷാത്കരിച്ചാൽ മതി, സ്വത്ത് ആരുടെയുമല്ല, ഉടമസ്ഥതാബോധം-അവകാശബോധം-അതുാകരുത്. എല്ലാം ഈശ്വരന്റേത്. അതാണ് എല്ലാം ഈശ്വരനെക്കൊ് മൂടണം എന്ന ആദ്യമന്ത്രം ഉപദേശിച്ചത്. നിങ്ങൾ അനുഭവിക്കുന്ന ധനത്തിൽ ഇരിക്കുന്നത് ഈശ്വരൻ. മനിലുദിക്കുന്ന വിചാരങ്ങളിൽ ഉള്ളത് ഈശ്വരൻ. ആഗ്രഹ നിവൃത്തിക്ക് വിലയ്ക്കു വാങ്ങുന്ന സാധനങ്ങളിലും നിങ്ങളുടെ വിചിത്ര വസ്ത്രങ്ങളിലും സുന്ദരാഭരണങ്ങളിലും യഥാർത്ഥമായുള്ളത് ഈശ്വരൻ. ഇതാകുന്നു വിചാരഗതി. ആ ബോധത്തോടുകൂടി നോ ക്കുമ്പോൾ ഉടനെ സർവ്വവും രൂപം മാ റിക്കാണാം. നിങ്ങളുടെ ഓരോ ചേഷ്ടയിലും സംഭാഷണത്തിലും രൂപത്തിലും സർവ്വത്തിലും ഈശ്വരനെ വച്ച് നോക്കുക. കാഴ്ച മുഴുവൻ മാറും. ലോകം കഷ്ടാരിഷ്ടമായി തോന്നുന്നതിന് പകരം സ്വർഗ്ഗമായി ഭവിക്കും.

'സ്വർഗ്ഗം നിങ്ങളുടെ ഉള്ളിലിരിക്കുന്നു' എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. വേദാന്തമതവും അത് പറയുന്നു. ഏതാചാര്യനും അതു ത ന്നെ പറയുന്നു. 'കണ്ണുള്ളവൻ കാണട്ടെ, ചെവിയുള്ളവൻ കേൾക്കട്ടെ.' നാം ഏത് തത്വത്തെ അന്വേഷിച്ചുകൊിരിക്കുന്നുവോ അത് ഇവിടെയു്. എപ്പോഴും നമ്മോടുകൂടെത്തന്നെയിരുന്നിട്ടുന്ന് വേദാന്തമതം തെളിയിച്ചുതരുന്നു. അജ്ഞാനം നിമിത്തം നാം അത് പൊയ്പ്പോയി എന്നു വിചാരിച്ച് കരഞ്ഞതൊഴിച്ച് വീുകിട്ടുവാൻ പ്രയാസപ്പെട്ട് ലോകം മുഴുവൻ അലഞ്ഞു. അപ്പോഴെല്ലാം അത് നമ്മുടെ ഹൃദയത്തിൽ തന്നെയുായിരുന്നു. അവിടെ വച്ചു മാത്രമേ നമുക്കത് കാണാൻ കഴിയുകയുള്ളൂ.

ലോകത്തെ ത്യജിക്കുക എന്നത് പഴയമട്ടിൽ യഥാശ്രുതാർത്ഥത്തിൽ ഗ്രഹിച്ചാൽ വന്നുചേരുന്നത് നാം കർമ്മം ചെയ്യരുത്, മൃത പിണ്ഡം പോലെ നിശ്ചേഷ്ടമായിരിക്കണം, ഒന്നും ആലോചിക്കരുത്, ചെയ്യരുത്, വിധിപോ ലെ വരും എന്നുറച്ച് കാലദേശാവസ്ഥകൾ ഓടിച്ച വഴിക്ക് ഓടി, പ്രകൃതിയുടെ കല്പനകൾ കേട്ട് നടന്ന് തീ ാടണം എന്നാകും ഫലം. പക്ഷേ അതല്ല ഉപദേശത്തിന്റെ സാരം. നാം കർമ്മം ചെയ്യണം. എന്നാൽ മിഥ്യാകാമങ്ങൾ ഓടിക്കുന്ന വഴിക്ക് ഓടുന്ന സാധാരണ മനുഷ്യർക്ക് കർമ്മത്തെപ്പറ്റി എന്തറിയാം? സ്വന്തം വികാരങ്ങളും ഇന്ദ്രിയങ്ങളും തിരിക്കുന്ന വഴിയേ തിരിയുന്നവർക്ക് കർമ്മത്തെപ്പറ്റി എന്തുബോധമുാകും? കാമത്തിന്റെയോ, ലേശമെങ്കിലും സ്വാർത്ഥത്തിന്റെയോ പ്രേരണ ഇല്ലാത്തവനാണ് ശരിയായ കർമ്മം ചെയ്യുക. ഒരു ഉദ്ദേശത്തിൽ കണ്ണുവച്ചിട്ടില്ലാത്തവനാണ് ശരിയായ കർമ്മം ചെയ്യുന്നവൻ. കർ മ്മത്തിൽ നിന്ന് സ്വന്തമായി ഒരു ഫലവും ലഭിക്കാനില്ലാത്തവനാണ് കർമ്മം ചെയ്യുന്നവൻ.

ഒരു ചിത്രം വിലയ്ക്കു വിൽക്കുന്നവനോ അത് വെറുതെ നോക്കിക്കാണുന്നവനോ അതിന്റെ ഭംഗിയിൽ അധികം രസിക്കുക? വിൽക്കുന്നവന് കണക്കു കൂട്ടുന്നതിലായിരിക്കും മന്. അതിന്മേൽ തനിക്കെന്ത് ലാഭം കിട്ടുമെന്ന്. വില പൊന്തുന്നതിലും മൂന്നാം വട്ടം ഉറപ്പിക്കുന്നതിലുമായിരിക്കും അയാളുടെ ദൃഷ്ടി പതിഞ്ഞിരിക്കുന്നത്. വിൽക്കാനോ വാങ്ങുവാനോ ഉദ്ദേശമില്ലാതെ അവിടെ നിൽക്കുന്നവൻ ചിത്രം നോക്കി അതിന്റെ ഭംഗിയിൽ രസിക്കും. അതുപോലെ ഈ ജഗത്ത് ആകെ ഒരു ചിത്രമാകുന്നു. അതിനെപ്പറ്റിയ കാമങ്ങൾ അസ്തമിക്കുമ്പോൾ ജനങ്ങൾ അതിന്റെ ഭംഗിയിൽ രസിക്കും. അപ്പോൾ വിൽക്കലും വാങ്ങലും കൈക്കലാക്കണം എന്നുള്ള മൂഢ വിചാരങ്ങളും ഇല്ലാതാകും. അപ്പോൾ പണവ്യാപാരി ഇല്ല, വിൽക്കുന്നവനും വാങ്ങുന്നവനും ഇല്ല. ലോകം ഒരു ചിത്രമായി നിൽക്കും. ചായമിട്ട ഭംഗിയായ ചിത്രം. ഈശ്വരനെപ്പറ്റി ഇങ്ങനെ ഒരു ഭാവനയു്. 'ഈശ്വരനാകുന്നു മഹാകവി, പുരാണകവി. ജഗത്താകെ ഈശ്വരകവിത, പദ്യമായി, പ്രാസ പ്രചുരമായി യതിഭംഗമില്ലാതെ അനന്താനന്ദത്തിൽ വിരചിതമായ കവിത.' ഇത്രയധികം സുന്ദരമായ ഈശ്വരനെപ്പറ്റി ഒരു ഭാവന ഞാൻ ഒരിക്കലും വായിച്ചിട്ടില്ല. ഈശ്വരന്റെ ഈ കവിത-ഈ വിശ്വം-വായിച്ചു രസിക്കാൻ കാമങ്ങൾ കൈവെടിയുമ്പോഴേ നമു ക്ക് കഴിവുാവുക്കയുള്ളൂ. അപ്പോൾ എല്ലാം ഈശ്വരമയമാകും. ഇരുട്ടടഞ്ഞ് വൃത്തികെട്ട് അടുക്കാൻ കൊള്ളരുതെന്ന് നാം കരുതിയ മുക്കും മൂലയും എടവഴിയും നിഴൽപ്പാടുകളും എല്ലാം അപ്പോൾ ദിവ്യമാകും. അവയുടെ യഥാർത്ഥ സ്വഭാവം അപ്പോൾ വെളിവാകും. അപ്പോൾ നാം നമ്മെ നോക്കി ചിരിക്കും. നാം അതുവരെ കരഞ്ഞതും തൊഴിച്ചതും വെറും കുട്ടിക്കളിയായിരുന്നു. നാം സാക്ഷികളായി നിന്ന് നോക്കിയിരുന്നതേയുള്ളൂ, എന്ന് നാം അപ്പോൾ അറിയും.

അതുകൊ് നിങ്ങൾ കർമ്മം ചെയ്യണമെന്നാണ് വേദാന്തം ഉപദേശിക്കുന്നത്. എങ്ങനെ കർമ്മം ചെയ്യണം? ത്യജിച്ചിട്ട്, ഇന്ദ്രിയഗോചരമായ മിഥ്യാലോകത്തെ ത്യജിച്ചിട്ട്-എന്നാണുപദേശം. അതിന്റെ താല്പര്യമെന്ത്? സർവ്വം ഈശ്വരമയമായി ദർശിക്കുക. അങ്ങനെ കർമ്മം ചെയ്യു

*പ്രത്യാശാശ്രുതി*

# സ്നേഹിക്കാം നമുക്ക് ഈ മണ്ണിനെ....

**കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ**

**ഈ** കഴിഞ്ഞ ദിവസം രാജ്യം ഒന്നടങ്കം നടുങ്ങി. ഇൻഡോനേഷ്യയിൽ ഉായ ഭൂകമ്പത്തിന്റെ തുടർചലനങ്ങളും സുനാമി ഭീഷണിയും ഉദ്വേഗത്തിന്റെ മണിക്കൂറുകൾ സമ്മാനിച്ച് കടന്നുപോയി. മണിക്കൂറുകൾ പിന്നിടവേ രാജ്യം ശാന്തമാകാൻ തുടങ്ങി. മൂന്ന് നാല് മണിക്കൂറുകൾ മാത്രമാണ് ദുരന്തഭീഷണി നിലനിന്നതെങ്കിലും അത് ഉാക്കിയ ചലനം വളരെ വലുതായിരുന്നു. ഒന്നും സംഭവിക്കാതെ എല്ലാം പൂർവ്വസ്ഥിതിയിലേക്ക് മടങ്ങുന്നതിനിടെ മണിക്കൂറുകളിൽ ജനം എത്ര നല്ലവരായിരുന്നു. ആർക്കും ആരോടും പരിഭവമോ വഴക്കോ ഒന്നുമുായിരുന്നില്ല. 'നല്ലതു മാത്രം സംഭവിക്കണമേ' എന്ന പ്രാർത്ഥന മാത്രമായിരുന്നു എവിടെയും. കണ്ണുനീരിന്റെയും അ നുതാപത്തിന്റെയും പ്രാർത്ഥനകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒരുപോലെ ഉയർന്നു. എത്ര പെട്ടെന്നാണ് പ്രകൃതി, കാലാവസ്ഥ, പരിസ്ഥിതി ഇവയെക്കുറിച്ചൊക്കെ നാം ഓർത്തത്. മനുഷ്യൻ ഇവയെ മറന്ന് ആദരശൂന്യതയോടെ അവഹേളിക്കുന്നതിൽ മടുത്തും മനംനൊന്തും ഭൂമി ഒന്ന് ചെറുതായി പിണങ്ങി. അത്രയേ സംഭവിച്ചുള്ളൂ. നിരന്തരം ബുദ്ധിമുട്ടിച്ചാൽ എത്ര പാവമാണെങ്കിലും ഒന്ന് പ്രതികരിച്ചുപോകില്ലേ? പ്രകൃതിയാകുന്ന, ഭൂമിയാകുന്ന നമ്മുടെ പേറ്റമ്മയും അത്രമാത്രമേ ചെയ്തുള്ളൂ. നമുക്കത് എത്ര പ്രയാസമുാക്കി. നാം അധിവസിക്കുന്ന ചുറ്റുപാടുകളിലേക്ക് ശ്രദ്ധതിരിക്കാനും സത്ചിന്തകൾമാത്രം മന ിലുയരാനും ഭൂമി മാതാവിനെ ആദരവോടെ വണങ്ങാനും അത് പ്രേരകമായി. സംഭവിക്കുന്നതെല്ലാം നല്ലതിനെന്ന് വിശ്വസിക്കാം.

ജീവിതത്തിന്റെ ഏത് മേഖലയിലായാലും വികസനം അനിവാര്യമാണ്. ദീർഘവീക്ഷണമില്ലാതെ വികസനം വിജയകരമാവില്ല. ഏത് പദ്ധതിയായാലും അതിന്റെ ഫലവും ഗുണവും കൂടുതൽ കാലം നിലനിൽക്കുന്നതായിരിക്കണം. തിരക്കിട്ട പ്രവർത്തനങ്ങൾ പുരോഗതിക്ക് പ കരം നഷ്ടങ്ങളിലെത്തിക്കും. ചിലപ്പോൾ അവ പരിസ്ഥിതിക്കും ഉറവിടങ്ങൾക്കും ഹാ നികരമായേക്കാം. ജീവിതത്തിൽ താ ങ്ങും തണലുമാകുന്ന മാറ്റങ്ങൾ നല്ലതാണ്. എന്നാൽ ജീവിതഗതിക്ക് വി ഘാതമാകുന്ന നൂതന സംരംഭങ്ങൾ സ്വാഗതാർഹമല്ല. വൻ സംരംഭങ്ങൾ പരിസ്ഥിതിക്കും സാമൂ ഹ്യ വ്യവസ്ഥിതിക്കും മാനസിക വ്യവസ്ഥിതിക്കും കോട്ടം തട്ടാതെ പുരോഗതിയിലേയ് ക്ക് കുതിക്കുമ്പോൾ അതോടൊപ്പം വിഭവസ്രോത ുകൾക്കും ഭൂമി മാതാവിനും ഗുണപ്രദമായി മാറുന്നു. ഈ ഭൂതലത്തിന്റെ ആരോഗ്യം നിലനിർ ത്തേത് നമ്മുടെ ധർമ്മമാണ്.

പരിസ്ഥിതിബോധം മനുഷ്യവ്യവസ്ഥിതിയിൽ അന്തർലീനമായിരിക്കുന്നു. ചരിത്രകാലം മുതൽ പ്രകൃതിയെ ഭാരതീയർ ആദരിച്ചിരുന്നു. മലനിരകൾ, പുഴകൾ, സൂര്യൻ, ചന്ദ്രൻ, താരങ്ങൾ, വൃക്ഷങ്ങൾ ഇവയൊക്കെയും ഭാരതീയന് ആദരണീയങ്ങൾ ആയിരുന്നു. ലോകമെമ്പാടും പുരാതന സം സ്ക്കാരത്തിൽ ഇവയൊക്കെ ബഹുമാനിക്കപ്പെട്ടിരുന്നു. അവർക്ക് ദൈവം ക്ഷേത്രങ്ങളിലോ, പള്ളികളിലോ മറ്റ് ആരാധനാലയങ്ങളിലോ മാത്രം ഇരിക്കുന്ന ഒരാളായിരുന്നില്ല. പ്രകൃതിയിൽ നിറയുന്ന സത്യത്തെ, ചൈതന്യത്തെയാണ് അവർ ആരാ

ക. ഒരു നൂറ് സംവത്സരം ജീവിച്ചിരിക്കാൻ ആഗ്രഹിച്ചുകൊള്ളുക. വേണമെങ്കിൽ ഭൗതീക സുഖങ്ങളെല്ലാം അനുഭവിച്ചുകൊള്ളുക. അവയെ ഈശ്വരമയമാക്കുക, സ്വർഗഗമായി മാറ്റുക. അത്ര യേ വേൂ. ലോകോപകാരമായി, ആനന്ദമായി, കർമ്മങ്ങൾ ചെയ്തുകൊ് ദീർഘായു ായിരിക്കുവാൻ കാംക്ഷിക്കുക. അങ്ങനെ കർമ്മം ചെ യ്തുകൊ് മോക്ഷമാർഗ്ഗം കാണും. വേറെ വഴിയില്ല. തത്വം അറിയാതെ സുഖഭോഗങ്ങളിലേക്ക് തലകീഴായി ചാടുന്നവന് നിലതെറ്റും. ലക്ഷ്യപ്രാപ്തിയുമില്ല. എന്നാൽ ലോകത്തെ ശപിച്ച് കാട്ടിൽ പോയിരുന്ന് സ്വദേഹത്തെ പീഡിപ്പിച്ച് പട്ടിണികൊ് തന്നത്താൻ മെല്ലെ മെല്ലെ കൊന്ന്, ഹൃദയത്തെ ഒരു മരുഭൂമിയാക്കി, മൃദുഭാവങ്ങളെ നശിപ്പിച്ച് കർക്കശനും നിഷ്ഠൂരനും ശുഷ്ക്കനുമാകുന്ന മനുഷ്യനും വഴിപിഴച്ചിരിക്കുന്നു. ഇത് രും ര റ്റങ്ങളാണ്, രിലും വഴിപിഴച്ചിരിക്കുന്നു. ലക്ഷ്യവും നഷ്ടമായിരിക്കുന്നു.

അതുകൊ് എല്ലാറ്റിലും ഈശ്വരനെ ഭാവന ചെയ്ത്, എല്ലാറ്റിലും ഈശ്വരനെ ദർശിച്ച് കർമ്മം ചെയ്യുക എന്നാകുന്നു വേദാന്ത വാക്യം. നിരന്തരം കർമ്മം ചെയ്യണം. ജീവിതം ദിവ്യമാകുന്നു. അത് ഈശ്വരൻ തന്നെയാകുന്നു എന്നറിഞ്ഞ് കർമ്മം ചെയ്യണം. ഇതേ നമുക്ക് ചെയ്യാനുള്ളൂ. ഇതേ നാം ആഗ്രഹിക്കാവൂ. ഈശ്വരൻ എവിടെയും എല്ലാറ്റിലുമിരിക്കെ ഈശ്വരദർശനത്തിന് നാം മറ്റെവിടെപ്പോകും? ഏത് കർമ്മത്തിലും ഏത് വിചാരത്തിലും ഏത് തോന്നലിലും ഈശ്വരനുല്ലോ. ഇതറിഞ്ഞ് കർ മ്മം ചെയ്യണം. അതൊരു വഴിയേ ഉള്ളൂ. വേറെ വഴിയില്ല. അങ്ങനെ ചെയ്താൽ കർമ്മഫലം നമ്മെ ബന്ധിക്കില്ല. നമ്മുടെ സർവ്വ ദുഃഖങ്ങൾക്കും അനർത്ഥങ്ങൾക്കും മിഥ്യാഭിലാഷങ്ങൾ എങ്ങനെ കാരണമാകുന്നു എന്ന് നമുക്കറിയാം. എന്നാൽ അവയെ ഈശ്വരദ്വാരാ ദിവ്യവും പരിശുദ്ധവുമാക്കുമ്പോൾ അവ ദോഷകരങ്ങളോ ദുഃഖജനകങ്ങളോ ആയിരിക്കുകയില്ല. ഈ രഹസ്യം അറിയാത്തവർ അത് കത്തുന്നതുവരെ അസുരലോകത്തിൽ ജീവിച്ചിരിക്കേവരും. ഓരോരുത്തരുടെയും ഉള്ളിലും ചുറ്റുപാടും എവിടെയും എന്തൊരാനന്ദകരം ഇരിക്കുന്നുവെന്ന് വളരെപേരും അറിയുന്നില്ല. അവർ അത് കത്തിയിട്ടില്ല. അസുരലോകം ഏത്? അജ്ഞാനമെന്ന് വേദാന്തമതം പറയുന്നു.

*(തുടരും)*

ധിച്ചിരുന്നത്. അതിന്റേതായ നന്മയും മേന്മയും ഐശ്വര്യവും അക്കാലത്ത് നിലനിന്നിരുന്നു. അത്തരം നന്മയിൽ നിന്ന് അകലുവാൻ തുടങ്ങിയ ആധുനിക ജനത സൗകര്യപൂർവ്വം ഇവയൊക്കെ വിസ് മരിച്ചു. പ്രകൃതിയെ അവഹേളിക്കുവാനും പരിസ്ഥിതിയെ മലിനപ്പെടുത്തുവാനും തുടങ്ങി. ഇന്ന് നാം വീ ും ഒരു പഴയ സംസ്ക്കാരത്തിലേ ക്ക് മടങ്ങേതിന്റെ അനിവാര്യത ഏറിവരുന്നു. പ്രകൃതി മാതാവിനെ ആദരിക്കാനും സംരക്ഷിക്കാനും സമയം അതിക്രമിച്ചിരിക്കുന്നു.

സാങ്കേതിക പുരോഗതിയുടെ ഒഴിവാക്കാൻ കഴിയാത്ത ഭാഗമായി പരിസ്ഥിതി മലിനീകരണം മാറിയിരിക്കുന്നു എന്ന് ആളുകൾ ധരിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ സത്യമതല്ല. പ്രകൃതി സംരക്ഷിക്കപ്പെടുന്നുവെങ്കിൽ മാത്രമേ നിർണ്ണായകവും നിരന്തരവുമായ പുരോഗതി സാധ്യമാവുകയുള്ളൂ. ശാസ്ത്രവും സാങ്കേതികവിദ്യയും പ്രകൃതിവിരുദ്ധമല്ല. ശാസ്ത്ര സാങ്കേതിക മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനോടൊപ്പം പ്രകൃതിയിലെ സ്വാഭാവിക ഐക്യവും തുലനവും പരിപാലിക്കപ്പെടുകയും വേണം. ഈ നൂറ്റ് നേരിടുന്ന പ്രധാന വെല്ലുവിളിയും ഇതാണ്.

പ്രകൃതിയെ ഒന്ന് നിരീക്ഷിച്ചു നോക്കൂ. പഞ്ചഭൂതങ്ങൾ പരസ്പര വിരുദ്ധങ്ങളായിത്തോന്നാം. അഗ്നി ജ്വലിക്കുമ്പോൾ വായുവിന് വിഘടനം ഉാകുന്നു. ജലം അഗ്നിയെ ഇല്ലാതാക്കുന്നു. പക്ഷി മൃഗാദികൾ, പാമ്പുകൾ, സസ്തനികൾ ഇവയൊക്കെ പരസ്പരം വൈരാഗ്യത്തിലാണെന്ന് തോന്നും. പക്ഷെ ഇവയെ ല്ലാം പ്രകൃതിയിൽ പരസ്പര പൂരകങ്ങളായി നി ലകൊള്ളുന്നവയാണ്.അവയ്ക്ക് വളർ ച്ചകള്ു. നമുക്ക് പ്രകൃതിയിൽനിന്ന് ഏറെ പഠിക്കാനു്. ഒന്ന് ചീഞ്ഞ് മറ്റൊന്നിന് വളമാകുന്നു. മറ്റൊരു പു തിയ ഉദയത്തിനുവേി, കൂടുതൽ സുന്ദരമായ ഒന്നിനുവേി ചിലത് നശിക്കുന്നുിവിടെ. ശാസ്ത്രമോ സാങ്കേതികവിദ്യയോ അല്ല ഇന്നത്തെ ലോകത്തിൽ ഭീഷണി. മറിച്ച് അവയുടെ പ്രവർത്തനപഥത്തിൽ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളാണിവിടെ പ്രശ്നം. അവയാണ് ഈ പ്രകൃതിക്ക് ഭീഷണി.

ഇത്തരത്തിലുള്ള മാലിന്യങ്ങ ളെ ദോഷകരമാകാത്ത രീതിയിൽ സംസ്ക്കരിക്കുവാനുള്ള പദ്ധതികളാണ് നടപ്പിൽ വരുത്തേത്. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനും ഉപയോഗിക്കാനും സൗരോർജ്ജം പ്രയോജനപ്പെടുത്താനുമൊക്കെ താല്പര്യപൂർവ്വം പ്രവർത്തിക്കേതാണ്. രാസവളപ്രയോഗമില്ലാതെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് നാം തിരിയുകയാണെങ്കിൽ പരമ്പരാഗത കൃഷിരീതികളിലൂടെ ഭൂമിയുടെ ആരോഗ്യം മെച്ചപ്പെടും. പാരമ്പര്യം, സാങ്കേതികവിദ്യ, തൊഴിൽ, സത്യം ഈ നാല് സുപ്രധാന ഘടകങ്ങൾ കാലാകാലങ്ങളിൽ സമഞ്ജസമായി സമ്മേളിക്കുക തന്നെ വേണം. അത് വിസ്മരിച്ചാൽ വി പരീത ഫലങ്ങളേ ഉാവുകയുള്ളൂ. പാരമ്പര്യ രീതികളും ആധുനികസമ്പ്രദായങ്ങളും സമന്വയിപ്പിച്ചുകൊ് വികസനം നടപ്പിലാക്കണം. വർദ്ധിച്ചുവരുന്ന രാസവളപ്രയോഗങ്ങൾ മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തുന്നു. ബ്രോയിലർ ചിക്കൻ കഴിച്ച് തടിച്ച് കൊഴുക്കുന്ന ഇന്നത്തെ പുതുതലമുറയെപ്പോലെ. രാസവളങ്ങൾക്കു പകരം ചാണകവും മറ്റും വളമായി ഉപയോഗിച്ചാൽ വിളകൾക്ക് മേന്മയുാകും. ആരോഗ്യം മെച്ചപ്പെടുകയും ആയു ് വർദ്ധിക്കുകയും ചെയ്യും. മനുഷ്യായു ിന് ഭീഷണിയായിത്തീർന്നിരിക്കുന്ന ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങളിൽ നിന്ന് തലമുറകളെ സംരക്ഷിക്കുവാനും സാധിക്കും. ആധുനിക സംവിധാനങ്ങൾ പൂർണ്ണമായും ജീവനക്ഷമമെന്നോ മികവുറ്റതെന്നോ പറയാനാവില്ല. അതൊന്ന് നൂതനമായതുകൊുമാത്രം നന്നായിരിക്കണമെന്നില്ല. പുരാതനമായതുകൊ് മോശപ്പെട്ടതാണെന്നും കരുതുക വയ്യ. അവ നമുക്ക് എത്രമാത്രം ഉപയുക്തവും പ്രയോജനപ്രദവും ദീർഘകാല സഹായകരവുമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം സ്വീ കരിക്കുക. പഴയതിനെയും പുതിയതിനെയും അപ്പാടെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യേതില്ല. രിനും ഗുണവും ദോഷവും കക്കോം. നമുക്ക് ആവശ്യമായത് വിവേകപൂർവ്വം കൈക്കൊള്ളുക.

അക്രമവും സംഘർഷവും നിറഞ്ഞ സമൂഹത്തിൽ സ്ഥായിയായ പുരോഗമന പ്രവർത്തനങ്ങൾ നടത്താൻ സാധ്യത കുറവാണ് രോഗമില്ലാത്ത ശരീരവും സംഘർഷരഹിതമായ മന ും അക്രമരഹിതമായ സമൂഹവും വിഷവിമുക്തമായ പരിസ്ഥിതിയും പുരോഗമനത്തിന്റെ പാതയിൽ ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ്. കൂടുതൽ കൂടുതൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും ജയിലുകളും ആരംഭിക്കുന്നത് പുരോഗതിയുടെ ലക്ഷണമല്ല. ആശുപത്രി കിടക്കളുടെ എണ്ണമോ ജയിലറകളുടെ സംവിധാനങ്ങളോ വർദ്ധിക്കുന്നത് പരിഷ്കാരത്തിന്റെ അടയാളമല്ല. കുറ്റവിമുക്തമായ സമൂഹം പുരോഗതിയുടെ അടയാളമാണ്. അടിപിടി, അക്രമം, മോഷണം ഇവ മാത്രമല്ല കുറ്റങ്ങൾ. പരിസ്ഥിതി നശീകരണം, മരം വെട്ടിമുറിക്കൽ, വിഷജന്യങ്ങളായ മാലിന്യനിക്ഷേപങ്ങൾ, പ്ലാസ്റ്റിക് എന്നിവയുടെ അധിക ഉപയോഗമൊക്കെയും നാം അധി വസിക്കുന്ന മണ്ണിനോട് നാം കാട്ടുന്ന അനാദരവും തെറ്റുമാണ്. പ്രകൃതി നമ്മുടെ അദൃശ്യശരീരമാണ്. പിന്നീടാണ് ഭൗതീക ശരീരം, മന ് തുടങ്ങിയവയൊക്കെ ഉായത്. അതിനാൽ നാം നമ്മുടെ ഭൗതീക ശരീരത്തെ എത്രമാത്രം പ്രാധാന്യത്തോ ടെ സംരക്ഷിക്കുവാൻ തയ്യാറാകുന്നുവോ

## അറിയിപ്പ്

തപാൽ സൗജന്യം നീട്ടിക്കിട്ടാത്തതു നിമിത്തം ഡയോസിസൻ ബുള്ളറ്റിനിന്റെ ചില ലക്കങ്ങൾ യഥാസമയം അയയ്ക്കാൻ സാധിച്ചില്ല. സൗജന്യം തുടർന്ന് ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. മാന്യവായനക്കാർ സദയം സഹകരിക്കുക.

ചീഫ് എഡിറ്റർ

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

വായനക്കാർക്ക് പ്രത്യേകിച്ചും വിദേശത്തുള്ളർക്ക് www.dioceseofkandanadeast.org വെബ്സൈറ്റിൽ ബുള്ളറ്റിൻ വായിക്കാവുന്നതാണ്.

അതുപോലെ തന്നെ പ്രാധാന്യത്തോടെ സംരക്ഷിക്കപ്പെടേണ്ടതാണ് ന മ്മുടെ അദൃശ്യശരീരവും. യഥാർത്ഥത്തിൽ മനുഷ്യന്റെ അത്യാഗ്രഹവും സ്വാർത്ഥതയുമാണ് ഏറെ വിഷമയമായ മാലിന്യം. അത്യാഗ്രഹം മനുഷ്യനെ പങ്കുവയ്ക്കലിൽ നിന്ന് തടയുന്നു. അതുപോലെ സ്വാർത്ഥത മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്നു. എ ത്രയും കുറഞ്ഞ സമയംകൊ് കൂടുതൽ പ്രയോജനം തനിക്കുമാത്രം ലഭിക്കണമെന്ന അതിമോഹം മനുഷ്യനെ പരിസ്ഥിതി സംരക്ഷണത്തിൽ നിന്ന് ഗതി മാറ്റുക മാത്രമല്ല, ഹാനികരമായ നീക്കങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. ദുരാഗ്രഹികളുടെ മനോവിചാരങ്ങൾ അന്തരീക്ഷത്തെയും നെഗറ്റീവ് ഊർജ്ജം കൊ് മലീമസമാക്കുന്നു. ദുരമൂത്ത ഒരു കൂട്ടം ആളുകൾ വസിക്കുന്ന സ്ഥലത്ത് സംഘർ ഷം ഉടലെടുക്കാൻ ഇത് കാരണമാകുന്നു. സാമൂഹികവും രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ എല്ലാ കുഴപ്പങ്ങളുടെയും മൂലകാരണം വെറുപ്പ്, ദ്വേഷ്യം, അസൂയ തുടങ്ങിയ നിഷേധ വികാരങ്ങളാണ്.

ജനങ്ങളെ ബോധവാന്മാരാക്കുകയാണ് ഏറെ ആവശ്യം. ഭൂമിയെയും പ്രകൃതിയെയും പവിത്രമായി കാണാനും വൃക്ഷങ്ങളെയും പുഴകളെയും പാവനമായി സംരക്ഷിക്കാനും നമ്മെ നിലനിർത്തുന്ന ദൈവീകശക്തിയെ പ്രകൃതിയിലും ഒപ്പമുള്ള മനുഷ്യരിലും ദർശിക്കാനും ശീലിപ്പിക്കണം. ഈശ്വരൻ അകലെയല്ല. നമ്മുടെയിടയിലും ചുറ്റുള്ളവരിലും കുടികൊള്ളുന്ന നന്മയുടെ സാന്നിധ്യമാണ്, ചൈതന്യമാണ്. അത് നമ്മുടെ ഹൃദയത്തെ പരിശുദ്ധമാക്കും. ഹൃദയത്തിൽ നന്മയും സ്നേഹവും ഉള്ള ഒരാൾക്കും പ്രകൃതിയെ സ്നേഹിക്കാതിരിക്കുവാൻ സാധ്യമല്ല. സ്നേഹരഹിതരാണ് മണ്ണിനോടും മനുഷ്യരോടും പ്രകൃതിയോടും അനാദരവോടെ പെരുമാറുന്നത്. പ്രകൃതിയെ സ്നേഹിക്കൂ. മലിനീകരണം തുടച്ചുമാറ്റൂ..... നൽകാം നമുക്കൊത്തുചേർന്ന് സ്നേഹവും സംരക്ഷണവും ഈ മണ്ണിന്..... നമ്മെ ഉണർത്തുന്ന, ഉറക്കുന്ന, സംരക്ഷിക്കുന്ന ഈ പ്രകൃതിയുടെ കാവലാളാകാം.

## യാക്കോബായ വിഭാഗത്തിന്റെ അവകാശവാദം നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളി

മാമലശ്ശേരി മാർ മീഖായേൽ പള്ളി കനാട് (E) ഭദ്രാസനത്തിലെ പുരാതാന ദേവാലയങ്ങളിലൊന്നാണ്. 1995 ലെ സുപ്രീംകോടതി വിധി വരുന്നതിനു മുമ്പ് പാത്രിയർക്കീസ് കാതോലിക്കോസ് വിഭാഗങ്ങളായി അവിടെ ആരാധന നടത്തിവന്നു. എറണാകുളം ജില്ലാകോടതി നിയമിച്ച റിസീവർ ആണ് അന്നും ഇന്നും പള്ളിയുടെ കസ്റ്റോഡിയൻ. സഭാകേസിൽ സുപ്രീംകോടതി വിധിയുടെ സാഹചര്യത്തിൽ 1998 ൽ പള്ളിയിൽ ഉായിരുന്ന ഇരുവിഭാഗങ്ങളും ആലോചി ച്ച് സുപ്രീംകോടതി വിധി അംഗീകരിക്കാനും ഒരുമിച്ച് പ്രവർത്തിക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് ജില്ലാകോടതിയിൽ ഉായിരുന്ന കേസിൽ സത്യവാങ്മൂലം കൊടുക്കുകയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സമ്മേളിച്ച് മാനേജിംഗ് കമ്മറ്റിയെ തെരഞ്ഞെടുത്ത് ഭദ്രാസന ഭരണം സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കുന്ന മുറയ്ക്ക് പള്ളിയുടെ ഭരണസംവിധാനങ്ങൾ ക്രമീകരിക്കണം എന്ന് തീരുമാനിച്ച് ജോയി ന്റ് ഡിക്രി കോടതിയിൽ നിന്ന് സമ്പാദിച്ചു. ഈ ക്രമീകരണമനുസരിച്ചാണ് ഇടവകഭരണം ഇതുവരെയും നടന്നുവന്നിരുന്നത്. കനാട് (E) ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി നിയമിച്ച മൂന്ന് വൈദീകരാണ് അവി ടെ പള്ളിയിൽ ശുശ്രൂഷ നിർവ്വഹിക്കുന്നത്.

ഇടവകയിൽ ഉായ ഐക്യം തകർക്കാനുള്ള ശ്രമങ്ങൾ 2009 മുതൽ യാക്കോബായ വിഭാഗം ആരംഭിച്ചെങ്കിലും കാര്യമായ ഒരു നേട്ടവും ഉാക്കാൻ സാധിച്ചില്ല. ജില്ലാ കോടതിയിൽ നിന്നുായ ജോയിന്റ് ഡിക്രി അസ്ഥിരപ്പെടുത്തണമെന്നു കാണിച്ച് 2011 ൽ ഹൈക്കോടതിയിൽ ഹർജി കൊടുത്തെങ്കിലും കോടതി അത് തള്ളിക്കളഞ്ഞു. നിരന്തരമായി യാക്കോബായ വിഭാഗത്തിൽ നിന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യം ഉായപ്പോൾ ഇടവകയിലെ മൂന്ന് വൈദീകരും സംയുക്തമായി മൂവാറ്റുപുഴ സബ്കോടതിയിൽ എ തിർകക്ഷികളെ തടയണമെന്നു കാ ണിച്ച് ഹർജി കൊടുത്തു. പ്രസ്തുത ഹർജിയും അനുവദിച്ച് ഉത്തരവായി. നിയമപരമായി യാതൊരു നിലനിൽ പ്പും ഇല്ല എന്ന സാഹചര്യം വന്നപ്പോഴാണ് അക്രമസമരവുമായി യാക്കോബായ വിഭാഗം രംഗത്തു വന്നിരിക്കുന്നത്. സാഹചര്യങ്ങൾ ഇങ്ങനെയായി രുന്നെങ്കിലും പള്ളിയും കോടതിയും കോടതിവിധിയും തല്സ്ഥിതിയും പാലിക്കപ്പെട്ടിരുന്നു. എന്നാൽ പള്ളിയിലെ പ്രധാന പെരുന്നാളിന് തല്സ്ഥിതി അനുസരിച്ച് ക്രമീകരണം നടത്തുന്നതിന് എറണാകുളം ജില്ലാ കളക്ടർ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പെരുന്നാൾ ചടങ്ങുകൾ ക്രമീകരിച്ചു. പാരമ്പര്യമായി മാമലശ്ശേരി പള്ളിയിൽ പെരുന്നാളിന്റെ ആദ്യത്തെ കുർബ്ബാന ചൊല്ലുന്നത് കോനാട്ട് കു ടുംബത്തിലെ വൈദീകരാണ്. അതനുസരിച്ച് ബന്ധപ്പെട്ട എല്ലാ അധികാരികളുടെയും മുൻകൂർ അനുമതിയോടെ വി. കുർബ്ബാനയ്ക്ക് എത്തിച്ചേർന്ന ഫാ. ഡോ. ജോൺസ് എബ്രാഹാമി ന്റെ കാറിന്റെ മുകളിലേക്ക് വലിയ കരിങ്കല്ലെടുത്തിട്ട് അച്ചനെ അപായപ്പെടുത്താൻ ശ്രമിച്ചു. പള്ളിയിൽ പെരുന്നാളിന്റെ കുർബ്ബാന തട പ്പെട്ടു. റിസീവറുടെ പരാതിക്ക് യാതൊരു വിലയും കല്പിക്കാതെ പള്ളിവക സ്ഥലത്ത് പന്തലിട്ട് യാക്കോബായ വിഭാഗം പ്രാർത്ഥനായജ്ഞം ആരംഭിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നുവന്ന ഗുകളും തീവ്രവാദികളും ഇന്ന് ആ പ്രദേശം മുഴുവൻ കയ്യടക്കി വച്ചിരിക്കുകയാണ്. താക്കോൽ കൈവശമുങ്കെിലും പള്ളി തുറക്കാൻ സാധിക്കാത്ത അത്ര ഭീകരാന്തരീക്ഷമാണ് ഇന്നവിടെ നിലനിൽക്കുന്നത്. സർ ക്കാരും ജില്ലാഭരണകൂടവും ഈ പ്ര വർത്തനങ്ങൾക്കെല്ലാം മൂകസാക്ഷിയായി നിൽക്കുന്നു എന്നതാണ് ഭീതിയോടെ കാണേ മറ്റൊരു വസ്തുത. കോടതിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലിരിക്കുന്ന മാമലശ്ശേരി പള്ളിയിൽ യാക്കോബായ സഭ നടത്തുന്ന അക്രമ സമരങ്ങൾ രാജ്യത്തെ നിയമനീതി ന്യായ വ്യവസ്ഥയോടുള്ള വെ ല്ലുവിളിയും അവഹേളനവുമാണ്.

## മൂവാറ്റുപുഴ അരമന മലങ്കരസഭയുടെ പൈതൃക സ്വത്ത്

മൂവാറ്റുപുഴ അരമന, സെന്റ് തോമസ് കത്തീഡ്രൽ, അരമന കോംപ്ലക്സ് എന്നിവയിരിക്കുന്ന സ്ഥലം മലങ്കരസഭയുടെ കനാട് മുതലായ ഇടവകകളുടെ മെത്രാപ്പോലീത്ത ആയിരുന്ന പൗലോസ് മാർ ഈവാനിയോസ് (മുറിമറ്റത്തിൽ തിരുമേനി) പിന്നീട് മലങ്കരസഭയുടെ ഒന്നാം കാതോലിക്ക (പരി. ബസേലിയോസ് പൗലോസ് പ്രഥമനായി) 1912-ൽ അദ്ദേഹം അഭിഷിക്തനായി. തിരുമേനിയുടെ പേർക്ക് കൊല്ലവർഷം 1063 ൽ തീറായി വാങ്ങിയിട്ടുള്ളതാണ് ടി സ്ഥലം. തീറാധാരത്തിൽ എഴുതിയിരിക്കുന്ന വാക്യം ഇപ്രകാരമാണ്. "മലങ്കരയുടെ കനാട് മുതലായ ഇടവകകളുടെ പൗലോസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത പേർക്ക്" ഈ സ്ഥലം അദ്ദേഹമാണ് തീറുവാങ്ങിയതെങ്കിലും അവിടെ ആദ്യമായി താമസം ആരംഭിച്ചതും ഇപ്പോഴുള്ള സെന്റ് തോമസ് കത്തീഡ്രൽ പണി കഴിപ്പിച്ചതും പൗലോസ് മാർ ഇവാനിയോസ് തിരുമേനിക്ക് ശേഷം കനാട് ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഔഗേൻ മാർ തീമോത്തിയോ സ് തിരുമേനിയാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ നാലാം കാതോലിക്കയായി 1964-ൽ അഭിഷിക്തനാ കും വരെ തിരുമേനി ഇവിടെ താമസിച്ചു. അരമനക്കെട്ടിടത്തിന്റെ ഒന്നാം നില പണിതത് ഇദ്ദേഹത്തിന്റെ കാലത്താണ്. 1964 മുതൽ സഭയുടെ കനാട് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന പൗലോസ് മാർ പീലക്സിനോസ് തിരുമേനിയാണ് തുടർന്ന് ഇവിടെ താമസിച്ചത്. 1990 മുതൽ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയാണ് ഇവിടെ താമസിച്ച് കനാട് ഭദ്രാസന ഭരണം നിർവ്വഹിക്കുന്നത്. 1995 ൽ ആരംഭിച്ച അരമന കോംപ്ലക്സിന്റെ നിർമ്മാണവും സ സേ്കൂൾ കെട്ടിടവും അരമന പുരയിടവുമായി ബന്ധപ്പെട്ട് എല്ലാ വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നത് അഭി. തിരുമേനിയുടെ നേതൃത്വത്തിലാണ്.

കനാട് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി നിർമ്മിച്ച സെന്റ് തോമസ് കത്തീഡ്രൽ കാലപ്പഴക്കം കൊ് ബലക്ഷയം സംഭവിച്ച സാഹചര്യത്തിലാണ് പുതുക്കിപ്പണിയുന്നതിന് മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ അപേക്ഷ നൽകുന്നത്. പെർമിറ്റ് ലഭിക്കുന്നതിന് ആവശ്യമായ അനുബന്ധ രേഖകൾ ജില്ലാ കളക്ടർ, ചീഫ് ടൗൺ പ്ലാനർ, ഫയർ ആന്റ് റസ്ക്യൂ ഡിവിഷണൽ ഓഫീസർ എന്നിവ ലഭിച്ച മുറയ്ക്ക് നിയമപരമായി മുനിസിപ്പാലിറ്റി പെർമിറ്റ് നൽകിയതിനാൽ പ്രകാരമാണ് നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. ഈ നിർമ്മണത്തിനെതിരെ നിരന്തരമായി തെറ്റിധാരണകൾ ഉാക്കാൻ യാക്കോബായ വിഭാഗം ശ്രമിക്കുകയാണ്. ഇതിനെതിരെ മലങ്കര സഭാമക്കൾ ജാഗ്രത പാലിക്കണം.

## പ. കാതോലിക്കാബാവയ്ക്കും മെത്രാപ്പോലീത്താമാർക്കും സ്വീകരണം നൽകി

പിറവം സെന്റ് മേരീസ് വലിയ പള്ളിയെ കത്തീഡ്രൽ പദവിയിലേയ്ക്കുയർത്തിയ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പരി. ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായ്ക്ക് 2012 മെയ് 12-ാം തീയതി ശനിയാഴ്ച പിറവം ഇടവക സമുചിതമായ സ്വീകരണം നൽകി. പിറവം വലിയപള്ളി അങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ താൽക്കാലിക ദേവാലയത്തിലേയ്ക്ക് വിശ്വാസികൾ കത്തിച്ച മെഴുകുതിരികളോടെ പരി. ബാവായെയും മെത്രാപ്പോലീത്താമാരെയും സ്വീകരിച്ചു. രാവിലെ 8 ന് പ്രഭാത നമസ്കാരം ആരംഭിച്ചു. തുടർന്ന് പരി. കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ വി. ഏഴിന്മേൽ കുർബ്ബാന ആരംഭിച്ചു. അഭി. കുര്യാക്കോസ് മാർ ക്ലീമീസ്, അഭി. യൂഹാനോൻ മാർ പോളികാർപോസ്, ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്, ഡോ. സഖറിയ മാർ അപ്രേം, ഡോ. തോമ സ് മാർ അത്താനാസ്യോസ് എന്നീ മെത്രാപ്പോലീത്താമാരും കൊച്ചുപറമ്പിൽ വന്ദ്യ ഗീവർഗീസ് റമ്പാനും സ ഹകാർമ്മികരായിരുന്നു. വി. കുർബ്ബാനയെത്തുടർന്ന് അനുമോദന സമ്മേളനം ആരംഭിച്ചു. ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് ചടങ്ങിന് സ്വാഗതം ആ ശംസിച്ചു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത അഭി. കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. പിറവം വലിയ പള്ളിയെ കത്തീഡ്രലായി ഉയർത്തിക്കൊള്ള പരി. കാതോലിക്കാ ബാവയുടെ കല്പന സഭാവൈദീക ട്രസ്റ്റി ഫാ. ഡോ. ജോ ൺസ് എബ്രാഹാം കോനാട്ട് വായിച്ചു. പരി. കാതേലിക്കാബാവ അനുഗ്രഹ പ്രഭാഷണം നടത്തി. സഭ അ ത്മായ ട്രസ്റ്റി എം.ജി. ജോർജ്ജ് മുത്തൂറ്റ്, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, പിറവം പിഷാര്യകോവിൽ ക്ഷേത്രം മാനേജർ ചെങ്ങളേടത്ത് ഉണ്ണി നാരായണൻ എന്നിവർ ആശംസകൾ നേർന്നു. സ്വീകരണപരിപാടിയുടെ ജനറൽ കൺവീനർ നീലാങ്കൽ എൻ. കെ. ചെറിയാൻ കോർ എപ്പിസ്കോപ്പ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു. നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്ത സമ്മേളനത്തിന് പരി. കാതോലിക്കാ ബാവയുടെ ശ്ലൈഹീക വാഴ്വോടെ സമാപനമായി. മലങ്കരസഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, കോർ എപ്പിസ്കോപ്പാമാർ, വൈദീകർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. ശ്രീ. പൗലോസ് കെ. ചെറിയാൻ കാ രിത്തടം, എം.വി. വർഗീസ് മാളിയേക്കൽ, ഡോ. റോയി ചെറിയാൻ കാരിത്തടം, വി.പി. വർഗീസ്, യു.പി. ജോൺ, എം.യു. പൈലി, എം. കുര്യാക്കോസ്, ജോയി വർഗീസ് തെന്നശ്ശേരി, റ്റി.റ്റി. ജോയ് എന്നിവർ നേതൃത്വം കൊടുത്തു.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha